വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2022
ആഗസ്റ്റ്

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)





## ഒരു വീട്ടിൽ ഒരു കയർ ഉത്പന്നം:

# കയറിന് ഒരു കൈത്താങ്ങ്



ഒരു വീട്ടിൽ
ഒരു കയർ ഉൽപ്പന്നം
ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം
Coirfed
ഈ ഓണം
കയർഫെഡിനൊപ്പം
ആഘോഷിക്കൂ!
ഓഗസ്റ്റ് 8 മുതൽ സെപ്റ്റംബർ 30 വരെ
കയർഫെഡ്
മെത്തകൾക്ക്
20%
50%
ഡിസ്കൗണ്ട്
Deep Sleep
Coco Pot
Mattings
Coir Pith Briquette
Tiles
Cocofert
THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. No.679, P.B.No.4616, Alappuzha,Kerala,
India Tel: +91 477 2243627, 2243628, 2243629 Email: coirfedho@gmail.com, mdcoirfed@gmail.com, Website: www.coirfed.com

# കയർ വ്യവസായം

# ഉള്ളടക്കം


**Vol-6, No.- 1**

Established in 1998

Founder Chief Editor:

**Anathalavattom Anandan**

*Chief Editor:*

**Adv. N. Saikumar**

*Editorial Board*

**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**V.R. Vinod IAS**

*Managing Editor*

**Sunilkumar H.**

*Editorial Assistants*

**N.S. Mohandas**
**V.N. Sasikumar**
**Shammi Soman**
**D. Sajeev**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*

**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**






**PAGE 09**




സംരംഭക സൗഹൃദ കേരളം: 145 ദിവസംകൊണ്ട് അരലക്ഷം സംരംഭങ്ങൾ

**PAGE 11**



കർഷകനും മണ്ണിനും കയർ ഭൂവസ്ത്രം

**PAGE 13**



കയർഫെഡ് കയർ സംഭരിക്കുന്നില്ലെന്ന ആരോപണം അടിസ്ഥാനരഹിതം: അഡ്വ. എൻ. സായികുമാർ

**PAGE 21**



കയർഫെഡ് മുഹമ്മ ഷോപ്പ് തുറന്നു


ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്


**The Kerala State Co-Operative Coir Marketing Federation Ltd.**

No. 679 (COIRFED), PB No. 4616, Alappuzha - 688012

Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com

**Email: coirfedho@gmail.com, coirfedprd@gmail.com**




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

**കയർ വ്യവസായം**

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29







# എഡിറ്റോറിയൽ

## 'ഒരു വീട്ടിൽ ഒരു കയർ ഉത്പന്നം' കയറിന് ഒരു കൈത്താങ്ങ് പദ്ധതി വിജയിപ്പിക്കുക

**ഓ**ണം മലയാളികളെ സംബന്ധിച്ചിടത്തോളം സമ്പദ്സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും അടയാളമായിരുന്നല്ലോ. മലയാളികൾ സ്വർണാഭരണങ്ങളും ഗൃഹോപകരണങ്ങളും വാങ്ങിക്കൂട്ടുന്നത് ഓണക്കാലത്താണ്. എല്ലാത്തരം കോർപ്പറേറ്റ് ഉത്പന്നങ്ങളും പരസ്യത്തിന്റെയും ഇളവുകളുടെയും മായിക പ്രപഞ്ചം തീർത്ത് ഈ ഓണക്കാലത്തും വിപണി കീഴടക്കി കഴിഞ്ഞു.

അതേസമയം, കേരളത്തിലെ നാൽപ്പതിനായിരത്തിലധികം വരുന്ന കയർ തൊഴിലാളികൾ ഉത്പാദിപ്പിച്ച എഴുപതിനായിരത്തോളം ക്വിന്റൽ കയർ വിറ്റഴിക്കാനാകാതെ കെട്ടിക്കിടക്കുന്നു. വാടകയ്ക്കെടുത്ത 21 ഗോഡൗണുകളിലും കയർഫെഡിന്റെ പത്തിലധികം വരുന്ന സ്വന്തം ഗോഡൗണുകളിലുമായിട്ടാണ് കയർ സംഭരിച്ചു വെച്ചിരിക്കുന്നത്. ഗോഡൗൺ വാടകയിനത്തിൽ മാത്രം ലക്ഷക്കണക്കിന് രൂപയാണ് ഓരോ മാസവും കയർഫെഡിന് ചെലവാകുന്നത്.

കെട്ടിക്കിടക്കുന്ന കയറിന്റെ 10 ശതമാനമെങ്കിലും കമ്പിക്കാർപ്പറ്റുകൾ ഉൾപ്പെടെയുള്ള കയറുത്പന്നങ്ങളാക്കി പരിവർത്തനം ചെയ്തു ഉയർന്ന ഡിസ്കൗണ്ട് നൽകി ഓണക്കാലത്ത് കേരളത്തിലും പൂജ-ദീപാവലി ഉത്സവ സീസണിൽ കേരളത്തിന് പുറത്തും വിറ്റഴിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതി കയർഫെഡ് ഭരണസമിതി ആവിഷ്കരിച്ചിരിക്കുന്നു.

70 രൂപ മുതൽ 100 രൂപ വരെ മാത്രം വിലയുള്ള രണ്ടുലക്ഷം കമ്പിക്കാർപ്പറ്റുകൾ എങ്കിലും ഈ ഓണക്കാലത്ത് കയർ സഹകരണസംഘങ്ങൾ മുഖാന്തരം വിറ്റുനൽകണമെന്ന് എല്ലാ കയർ സഹകാരികളോടും അഭ്യർത്ഥിക്കുന്നു. മുഴുവൻ കയർതൊഴിലാളികളും ജീവനക്കാരും ഒരു കമ്പിക്കാർപ്പെറ്റെങ്കിലും വാങ്ങി 'ഒരു വീട്ടിൽ ഒരു കയർ ഉത്പന്നം -കയറിന് ഒരു കൈത്താങ്ങ്'പദ്ധതി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ





ഫെഡറൽ തത്വങ്ങൾ ജനാധിപത്യത്തിന്റെ ജീവവായു

## മുഖ്യമന്ത്രിയുടെ സ്വാതന്ത്ര്യദിനസന്ദേശം:


# ഫെഡറൽ തത്വങ്ങൾ ജനാധിപത്യത്തിന്റെ ജീവവായു

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**ഫെ**ഡറൽ തത്വങ്ങൾ നിലനിർത്തി മാത്രമേ വൈവിധ്യങ്ങളെയാകെ ഉൾക്കൊള്ളുന്ന രാഷ്ട്രമെന്ന സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനാകൂ. ഫെഡറലിസം രാജ്യത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാന ഘടകമാണ്. സാമ്പത്തിക രംഗത്തുൾപ്പെടെ ഈ നിലപാടു സ്വീകരിച്ചു മുന്നോട്ടുപോകുകയെന്നതു പ്രധാനമാണ്.

ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫെഡറൽ സംവിധാനത്തിന്റെ കരുത്തുറ്റ അടിത്തറയാണ്. സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്കുള്ള സമ്പത്ത് ലഭിക്കുമ്പോൾ മാത്രമേ ഇതിന്റെ നേട്ടങ്ങൾ ജനങ്ങളിൽ എത്തിച്ചേരൂ. എങ്കിൽ മാത്രമേ ഭരണഘടന വിഭാവനംചെയ്യുന്ന ഫെഡറലിസത്തിന്റെ സമീപനങ്ങൾ പ്രാവർത്തികമാകൂ. സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരിന്റെ തലത്തിൽ ഉയർത്തിക്കൊണ്ടുവരാനുള്ള ഇടപെടലാണു സർക്കാർ നടത്തുന്നത്. വികസനത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കണ്ടുകൊണ്ടുള്ള ഇടപെടൽ ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമാണ്.

ജനജീവിതം നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. അതീവ ദാരിദ്ര്യം, ഭവനരാഹിത്യം എന്നിവ നിർമാർജനം ചെയ്യുകയെന്നതു പ്രധാനമാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണു സംസ്ഥാന സർക്കാർ നടത്തുന്നത്. ശാസ്ത്ര സാങ്കേതിക രംഗത്തെ വികസിപ്പിച്ച് ഉത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കുക



യെന്ന കാഴ്ചപ്പാടാണു സർക്കാരിനുള്ളത്. പാരമ്പര്യമായി കൈമാറിക്കിട്ടിയ അറിവുകളെ ആധുനിക വിജ്ഞാനങ്ങളുമായി കൂട്ടിച്ചേർക്കുകയെന്നതു വൈജ്ഞാനിക സമൂഹസൃഷ്ടിയെന്ന കാഴ്ചപ്പാടിലുണ്ട്. ഇതിലൂടെയുണ്ടാകുന്ന ഉത്പാദന വർധനവ് നീതിയുക്തമായി വിതരണംചെയ്ത് ജനജീവിതം മുന്നോട്ടുകൊണ്ടുപോവുകയെന്നതും ഇതിന്റെ സുപ്രധാന ലക്ഷ്യമാണ്. ഐടി, സ്റ്റാർട്ടപ്പ് മേഖലയിൽ നാം പുരോഗതിയുടെ പാതയിലാണ്. ഈ മേഖലയിൽ ഇനിയും ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. പശ്ചാത്തല സൗകര്യമാണ് എല്ലാ വികസനത്തിനും അടിസ്ഥാനമെന്ന നിലയിലാണു കിഫ്ബി മുഖാന്തിരമുള്ള പദ്ധതികൾ ശക്തിപ്പെടുത്തുന്നത്.

ശാസ്ത്ര സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ സിവിൽ സർവീസിനു ലഭ്യമാക്കി ജനസൗഹൃദമാക്കുകയെന്ന ലക്ഷ്യത്തോടെയാണു വാതിൽപ്പടി സേവനമടക്കമുള്ളവ വിഭാവനം ചെയ്യുന്നത്. എല്ലാ വിഭാഗങ്ങൾക്കും ഇതിന്റെ നേട്ടം എത്തണമെങ്കിൽ ഡിജിറ്റൽ അറിവ് എല്ലാവർക്കും ഉണ്ടാകണം. ഡിജിറ്റൽ വേർതിരിവ് ഇല്ലാതാകുകയെന്നതും പ്രധാനമാണ്. ഇതു പരിഹരിക്കുന്നതിനായാണു കെ-ഫോൺ പോലുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തുന്നത്. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നമുക്കുണ്ട്. നമുക്കു വേണ്ടതെല്ലാം ഭൂമിയിലുണ്ടെങ്കിലും അത്യാഗ്രഹത്തിനു വേണ്ടത് ഇല്ല എന്ന കാഴ്ചപ്പാടോടെയാണു സർക്കാർ മുന്നോട്ടുപോകുന്നത്. നാടിനുചേർന്ന സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തണം. ഇ-വാഹനങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഇതിന്റെ ഭാഗമാണ്. പ്രളയത്തിൽ തകർന്നുപോയ കേരളത്തെ പ്രകൃതി സൗഹാർദമാക്കാനുള്ള ഇടപെടലാണു റീബിൽഡ് കേരള പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

നാനാത്വത്തിൽ ഏകത്വമെന്ന നിലപാട് ഉയർത്തി മുന്നോട്ടുപോകാനാകണം. ബഹുസാംസ്കാരികത പോറലേൽക്കാതെ മുന്നോട്ടുകൊണ്ടുപോവുകയെന്നതു പ്രധാനമാണ്. ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനം എല്ലാ മത വിശ്വാസികളും അല്ലാത്തവരും ഉൾക്കൊള്ളുന്ന ജനമുന്നേറ്റമായിരുന്നു. ആ മുന്നേറ്റത്തിന്റെ കരുത്താണ് മതനിരപേക്ഷതയുടെ അടിസ്ഥാന കാഴ്ചപ്പാടുകൾ ഭരണഘടനയ്ക്കു സംഭാവനചെയ്തത്. ഈ യാഥാർഥ്യത്തെ മറന്നു സ്വീകരിക്കുന്ന ഏതു നിലപാടും രാജ്യത്തിനായി പൊരുതിയവരുടെ സ്വപ്നങ്ങളെ തല്ലിക്കെടുത്തുന്നതിനു തുല്യമാണെന്ന് ഓർക്കണം.

രാജ്യത്തിന്റെ സമ്പത്ത് ഇന്ത്യക്കാരുടെ ജീവിതത്തിന്റെ മുന്നോട്ടുപോക്കിന് ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യംകൂടി മുന്നോട്ടുവച്ചാണ് ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനം ഉയർന്നുവന്നത്. ആ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിരവധി ഗവേഷണ, സാംസ്കാരിക സ്ഥാപനങ്ങൾ ഉയർന്നുവന്നു. ഭരണഘടനാ സ്ഥാപനങ്ങളും ഇതിന്റെ തുടർച്ചയിൽ രൂപപ്പെട്ടുവന്നു. ഇവ ഓരോന്നും രൂപപ്പെട്ടതിന്റെ അടിസ്ഥാനത്തിൽത്തന്നെ നിലനിർത്തുമ്പോൾ മാത്രമേ ഭരണഘടന മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ പ്രാവർത്തികമാകൂ. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളായ മതനിരപേക്ഷതയും ഫെഡറലിസവും സ്വാതന്ത്ര്യസമര പോരാളികളുടെ സ്വപ്നങ്ങൾ കൂടിയാണ്. വർഗീയ സംഘർഷങ്ങളുടേയും ധ്രുവീകരണങ്ങളുടേയും ശ്രമങ്ങളെ പ്രതിരോധിക്കാനും ഇല്ലാതാക്കാനും നമുക്കു കഴിയുന്നതു നവോത്ഥാന മൂല്യങ്ങളും സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളും നൽകിയ ഈ കാഴ്ചപ്പാടിന്റെകൂടി അനന്തരഫലമാണ്. ഭരണഘടനാ മൂല്യങ്ങളെ സംരക്ഷിക്കാനും അവ പ്രാവർത്തികമാക്കാനുമുള്ള ശ്രമങ്ങളാണു സംസ്ഥാന സർക്കാർ നടത്തുന്നത്. മതനിരപേക്ഷതയുടെ മഹത്തായ സന്ദേശം നിലനിർത്തുന്നതരത്തിൽ വർഗീയ സംഘർഷങ്ങളിൽനിന്നു വിമുക്തമായ നാടാക്കി കേരളത്തെ മാറ്റാൻ കഴിഞ്ഞിട്ടുണ്ടെന്നത് അഭിമാനാർഹമാണ്.

***(തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ 76-ാം സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽനടത്തിയ സ്വാതന്ത്ര്യദിന സന്ദേശത്തെ അധികരിച്ച് തയ്യാറാക്കിയത്)***



# വർണ്ണാഭം; പ്രൗഢഗംഭീരം സ്വാതന്ത്ര്യ ദിന പരേഡ്

വർണ്ണാഭം; പ്രൗഢഗംഭീരം സ്വാതന്ത്ര്യ ദിന പരേഡ്

**രാ**ജ്യത്തിന്റെ 76-ാം സ്വാതന്ത്ര്യദിനത്തിൽ സംസ്ഥാനതല സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വർണ്ണാഭവും പ്രൗഢഗംഭീരവുമായ സ്വാതന്ത്ര്യദിന പരേഡ് നടന്നു. ചടങ്ങിൽ മുഖ്യമന്ത്രി ദേശീയ പതാക ഉയർത്തുകയും വിവിധ സേനാ വിഭാഗങ്ങൾ ഒരുക്കിയ പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയും ചെയ്തു. മന്ത്രിമാരായ വി. ശിവൻകുട്ടി, ആന്റണി രാജു, ജി.ആർ. അനിൽ, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി, തിരുവനന്തപുരം ജില്ലയിൽനിന്നുള്ള എം.പി.മാർ, എം.എൽ.എമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പരേഡിൽ വിവിധ സായുധ, സായുധേതര സേനാ വിഭാഗങ്ങളിലെ 26 പ്ലാറ്റൂണുകളാണ് പങ്കെടുത്തത്. മലബാർ സ്പെഷ്യൽ പോലീസ്, സ്പെഷ്യൽ ആംഡ് പോലീസ്, കേരള ആംഡ് പോലീസ് ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് ബറ്റാലിയനുകൾ, കേരള ആംഡ് വനിതാ പോലീസ് ബറ്റാലിയൻ, ഇന്ത്യ റിസർവ് ബറ്റാലിയൻ, റാപ്പിഡ് റെസ്പോൺസ് ആന്റ് റസ്ക്യൂ ഫോഴ്സ്, ജയിൽ, എക്സൈസ്, വനം വകുപ്പുകൾ, അഗ്നിശമന സേനാ വിഭാഗം, മോട്ടോർ വെഹിക്കിൾ വകുപ്പ്, സൈനിക സ്കൂൾ, എൻ.സി.സി ആർമി, നേവൽ, വ്യോമ വിഭാഗങ്ങൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ഭാരത് സ്കൗട്ട്സ്, ഗൈഡ്സ്, സംസ്ഥാന പോലീസിലെ അശ്വാരൂഢ സേന, പോലീസിന്റെ രണ്ട് ബാന്റ് വിഭാഗങ്ങൾ എന്നീ പ്ലാറ്റുകളാണ് പരേഡിൽ മുഖ്യമന്ത്രിയിൽ നിന്ന് അഭിവാദനം സ്വീകരിച്ചത്.

തലശേരി അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസ് നിധിൻ രാജ് പി. ആയിരുന്നു പരേഡ് കമാൻഡർ. കുട്ടിക്കാനം കെ.എ.പി അഞ്ചാം ബറ്റാലിയനിലെ അസിസ്റ്റന്റ് കമാന്റന്റ് ബിജു ദിവാകരൻ ആയിരുന്നു സെക്കൻഡ്-ഇൻ-കമാൻഡ്. സ്വാതന്ത്രദിന പ്രസംഗത്തിനു ശേഷം സ്തുത്യർഹ സേവനത്തിന് അവാർഡ് ലഭിച്ചവർക്ക് വിവിധ വിഭാഗങ്ങളിലായി മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡുകൾ വിതരണം ചെയ്തു.

രാഷ്ട്രപതിയുടെ സ്തുത്യർഹ സേവനത്തിന് മെഡൽ നേടിയ പോലീസ്, അഗ്നിശമന, ജയിൽ വകുപ്പ് സേനാംഗങ്ങൾ അവാർഡുകൾ സ്വീകരിച്ചു. സ്വന്തം ജീവൻ തൃണവൽഗണിച്ച് ആളുകളെ മരണത്തിൽ നിന്ന് രക്ഷപ്പെടുത്തിയതിനുള്ള സർവ്വോത്തം ജീവൻ രക്ഷാ പഥക് തിരുവനന്തപുരം ഒറ്റശേഖരമംഗലം സ്വദേശി ശരത് ആറിന് വേണ്ടി അദ്ദേഹത്തിന്റെ മരണാനന്തരം ഭാര്യ അഖില ഏറ്റുവാങ്ങി. ഉത്തം ജീവൻ രക്ഷാ പഥക് അവാർഡ് നേടിയ കണ്ണൂർ സ്വദേശി കെ കൃഷ്ണൻ, കോഴിക്കോട് സ്വദേശികളായ മാസ്റ്റർ മുഹമ്മദ് അദ്നാൻ മൊഹിയുദ്ദീൻ, കുമാരി മയൂഖ വി, എറണാകുളം സ്വദേശി മാസ്റ്റർ അൽഫാസ് ബാവു എന്നിവരും മുഖ്യമന്ത്രിയിൽ നിന്ന് മെഡലുകൾ സ്വീകരിച്ചു. എൻ.സി.സി കാഡറ്റുകൾ നടത്തിയ അശ്വാരൂഢ അഭ്യാസ പ്രകടനങ്ങളും സ്കൂൾ വിദ്യാർത്ഥികളുടെ ദേശഭക്തി ഗാനങ്ങളും ചടങ്ങിന് മിഴിവേകി.




സംരംഭക സൗഹൃദ കേരളം

# സംരംഭക സൗഹൃദ കേരളം

## 145 ദിവസംകൊണ്ട് അരലക്ഷം സംരംഭങ്ങൾ

**പി. രാജീവ്**
**വ്യവസായ, കയർ, നിയമ മന്ത്രി**

**സം**സ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി ആരംഭിച്ച് 145 ദിവസം മാത്രം പിന്നിടുമ്പോൾ അരലക്ഷം സംരംഭങ്ങൾ രജിസ്റ്റർ ചെയ്തതായി അറിയിക്കുന്നതിൽ സന്തോഷമുണ്ട്. സംരംഭങ്ങളുടെ ഭാഗമായി 2960 കോടി രൂപയുടെ നിക്ഷേപമുണ്ടായി. 1,09,739 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടു. ഈ കാലയളവിൽ മലപ്പുറം, എറണാകുളം ജില്ലകളിൽ അയ്യായിരത്തിലധികം സംരംഭങ്ങളും തിരുവനന്തപുരം, പാലക്കാട്, കൊല്ലം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ നാലായിരത്തിലധികം സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. കൊല്ലം, പാലക്കാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലായി അൻപത്തി ആറായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. വ്യാവസായികമായി പിന്നാക്കം നിൽക്കുന്ന വയനാട്, കാസർഗോഡ് ജില്ലകളിലായി ആറായിരത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. 2022–23 സംരംഭക വർഷമായി പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ- ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കൃഷി, ഭക്ഷ്യ സംസ്കരണ മേഖലയിൽ 7,500 പുതിയ സംരംഭങ്ങൾ ഇക്കാലയളവിൽ നിലവിൽ വന്നു. 400 കോടി രൂപയുടെ നിക്ഷേപമുണ്ടായി. 19,500 പേർക്ക് ഈ യൂണിറ്റുകളിലൂടെ തൊഴിൽ ലഭിച്ചു. ഗാർമെന്റ്സ് ആന്റ് ടെക്സ്റ്റൈൽ മേഖലയിൽ 5,800 സംരംഭങ്ങളും 250 കോടി രൂപയുടെ നിക്ഷേപവും 12,000 തൊഴിലും ഉണ്ടായി. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് മേഖലയിൽ 2100 സംരംഭങ്ങളും 120



കോടി രൂപയുടെ നിക്ഷേപവും 3,900 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സർവീസ് മേഖലയിൽ 4,300 സംരംഭങ്ങളാണ് രജിസ്റ്റർ ചെയ്തത്. 270 കോടി രൂപയുടെ നിക്ഷേപവും 9900 തൊഴിലും ഈ മേഖലയിൽ ഉണ്ടായി. വ്യാപാര മേഖലയിൽ 17,000 സംരംഭങ്ങളും 980 കോടിയുടെ നിക്ഷേപവും 32000 തൊഴിലുമാണ് സൃഷ്ടിക്കപ്പെട്ടത്.

പദ്ധതിയുടെ ഭാഗമായുള്ള ലൈസൻസ്, ലോൺ, സബ്സിഡി മേളകൾ നടന്നു വരികയാണ്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നാല് ശതമാനം പലിശക്ക് വായ്പ ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആരംഭിച്ചു. 10 ലക്ഷം രൂപ വരെ സംരംഭകർക്ക് ഈ പദ്ധതിയിലൂടെ വായ്പ ലഭ്യമാകും. 403 തദ്ദേശസ്ഥാപനങ്ങളിൽ വായ്പാമേളകൾ നടത്തി ലഭിച്ച അപേക്ഷകളിൽ 9.5 കോടി രൂപയുടെ വായ്പകളും 1326 ലൈസൻസുകളും അതിവേഗം അനുവദിച്ചു. ഇതിനൊപ്പം 847 സബ്സിഡി അപേക്ഷകളും പരിഗണിച്ചു.

ലൈസൻസ്, ലോൺ, സബ്സിഡി മേളകൾക്ക് മുന്നോടിയായി കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും, സംരംഭം തുടങ്ങാൻ താല്പര്യമുള്ള വ്യക്തികൾക്കായി മെയ്, ജൂൺ മാസങ്ങളിൽ പൊതുബോധവത്കരണ പരിപാടികൾ നടത്തി. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി നടത്തിയ 1158 പൊതു ബോധവത്കരണ പരിപാടികളിൽ 85,160 പേർ പങ്കെടുത്തു. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വനിതാ സംരംഭകർ നേതൃത്വം നൽകുന്ന 16065 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ സംരംഭകരുടേതായി 2.300 സംരംഭങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ടു.

3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാൻ ലക്ഷ്യമിടുന്ന ഈ ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണം ഉറപ്പ് വരുത്തിയിട്ടുണ്ട്. കഴിഞ്ഞ മാർച്ച് 30ന് മുഖ്യമന്ത്രി പിണറായി വിജയനാണ് സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. തുടർന്ന് സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന-ജില്ലാ-തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1,153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹെൽപ് ഡെസ്ക്ക് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഇന്റേണുകൾക്കായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് കോഴ്സുകൾ നടത്തും. എല്ലാ താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെയും നിയമിച്ചിട്ടുണ്ട്.

വിദേശത്തുള്ള മലയാളികളെയും സംരഭകത്വത്തിന്റെ വിവിധ മേഖലകളെ കുറിച്ച് ബോധവാൻമാരാക്കി, കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുന്നതിനായി നോർക്കയുമായി ചേർന്ന് ശില്പശാലകൾ നടത്തും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉത്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിച്ചു കൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മെയ്ഡ് ഇൻ കേരള എന്ന ബ്രാൻഡിംഗ് ഇതിനായി ഉപയോഗിക്കും. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉത്പന്നങ്ങളുടെ ഗുണമേൻമ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്യമാക്കുന്നതിനു സഹായിക്കുന്നതിനായി കേരള ബ്രാൻഡ് ഉപയോഗിക്കും. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ് വർക്ക് പ്ലാറ്റ്ഫോം നിർമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

ദേശീയ തലത്തിൽ, ഓരോ വർഷവും 30 ശതമാനം ചെറുകിട സംരഭങ്ങൾ അടച്ചു പൂട്ടുന്നുവെന്നതാണ് കണക്ക്. ഈ പശ്ചാത്തലത്തിൽ സംരഭങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായത്തിന് ടെക്നോളജി ക്ലിനിക്കുകളും, വിദഗ്ദ്ധാഭിപ്രായങ്ങൾക്ക് വിദഗ്ദ്ധ പാനലുകളുടെ സേവനവും ലഭ്യമാക്കും. ഇതോടൊപ്പം പ്രത്യേക പ്രദേശങ്ങളിൽ സമാന സ്വഭാവമുള്ള സംരഭങ്ങൾക്ക് ആവശ്യമെങ്കിൽ ക്ലസ്റ്റർ ഫെസിലിറ്റേഷൻ സെന്ററുകൾ സർക്കാർ ആരംഭിക്കും. പൊതുവായി ഉപയോഗിക്കേണ്ടി വരുന്ന ഉപകരണങ്ങളും, സാങ്കേതിക വിദ്യകളും ഇതിലൂടെ സംരംഭകർക്ക് ലഭ്യമാക്കും. 445 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ലസ്റ്റർ ഫെസിലിറ്റേഷൻ സെന്ററിന് അംഗീകാരം നൽകി. സ്വകാര്യ വ്യവസായ പാർക്കുകൾക്കുള്ള 11 എണ്ണം പരിഗണിച്ചതിൽ 6 എണ്ണം സർക്കാർ അംഗീകരിച്ചു.

പത്ത് ഏക്കറിന് മുകളിൽ വസ്തു കൈവശമുള്ള വ്യക്തികൾ, ട്രസ്റ്റുകൾ, സൊസൈറ്റികൾ എന്നിവക്ക് പാർക്കിന് അപേക്ഷിക്കാം. ഇതിനായി ഭൂ പരിഷ്ക്കരണ നിയമത്തിൽ സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. ഓൺലൈനായുള്ള അപേക്ഷകളിൽ 30 ദിവസത്തിനകം തീരുമാനം അറിയിക്കും. സംരഭക സൗഹൃദമാർന്ന സമീപനത്തോടെ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

***(തിരുവനന്തപുരത്ത് നടത്തിയ പത്രസമ്മേളനത്തെ അധികരിച്ച് തയ്യാറാക്കിയത്)***



# കർഷകനും മണ്ണിനും കയർ ഭൂവസ്ത്രം

കയർ ഭൂവസ്ത്രം കർഷകനും മണ്ണിനും

മണ്ണിന്റെ സ്വഭാവം മെച്ചപ്പെടുത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും വേണ്ടി പ്രകൃതിദത്ത നാരുകൊണ്ട് നെയ്തോ നെയ്യാതെയോ വലക്കെട്ട് കെട്ടിയോ ഉണ്ടാക്കുന്ന സാമഗ്രിയാണ് കയർ ഭൂവസ്ത്രം. കേരളത്തിലെ മണ്ണിനെയും ജല ത്തെയും ഒരു പരിധി വരെ തടഞ്ഞു നിർത്തി സംരക്ഷിക്കുന്നതിനു സുവർണ്ണ നാരായ ചകിരിയിൽ നെയ്യുന്ന ഭൂവസ്ത്രങ്ങൾക്ക് കഴിയും. വേണ്ട രീതിയിൽ സംസ്ക്കരിച്ച ഭൂവസ്ത്രത്തിന്റെ ഉപയോഗം മണ്ണിന്റെ ഫലഭൂയിഷ്ഠിയും വളക്കൂറും വർധിപ്പിക്കുമെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്

നാൽപ്പത്തിനാല് നദികൾ, വർഷത്തിൽ മൂവായിരം മില്ലി ലിറ്റർ മഴ എന്നിട്ടും നമ്മുടെ കേരളം വേനൽക്കാലമാകുന്നതോടെ രൂക്ഷ ജലക്ഷാമത്തിലാണ്. ഒരു ഹെക്ടറിൽ നിന്ന് 80–120 ടണ്ണ് മേൽ മണ്ണ് പ്രതിവർഷം ഒലിച്ചുപോകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. പശ്ചിമഘട്ടത്തിൽ ലഭിക്കുന്ന മഴ രണ്ടര മണിക്കൂർ കൊണ്ട് ഒഴുകി അറബിക്കടലിൽ നഷ്ടമാകുന്നു. ഈ അവസ്ഥയിൽ നിന്ന് ഭൂമിയെ സംരക്ഷിക്കുന്നതിനു ഭൂവസ്ത്രം ഗണ്യമായി ഉപയോഗിച്ച് വരുന്നു.

## കയർ ഭൂവസ്ത്രത്തിന്റെ സവിശേഷതകൾ

നാല് പ്രത്യേകതകളാണ് കയർ ഭൂവസ്ത്രത്തിനുള്ളത്. ദ്രാവകങ്ങൾ ശേഖരി ക്കാനും വിരിച്ച പ്രതലത്തിലൂടെ വാർന്നുനീക്കാനുള്ള ഡ്രയിനേജ് ദൗത്യമാണ് ഇവയിലൊന്ന്. ദ്രാവകങ്ങളെ സ്വന്തം തലത്തിലൂടെ പടരാൻ അനുവദിക്കു മ്പോഴും ഖരരൂപത്തിലുള്ള തരികൾ അതിനൊപ്പം നീങ്ങിപോകാതെ പിടിച്ചു നിർത്താനുള്ള കഴിവാണ് രണ്ടാമത്തേത്.

തരിമണലും ഗ്രാവൽ പോലുള്ള രണ്ടുതരം പദാർത്ഥങ്ങൾക്ക് ഇടയിലിട്ടാൽ ഭാരം കൂടിയാലും അവ കൂടിക്കലരാതെ വേർതിരിച്ച് നിലനിർത്തുന്നു എന്നത് മറ്റൊരു പ്രത്യേകതയാണ്. ഭൂവസ്ത്രം കൊണ്ട് സംരക്ഷിച്ച് നിർത്തിയിരിക്കുന്ന പദാർത്ഥങ്ങളിൽ പ്രയോഗിക്കപ്പെടുന്ന മർദ്ദങ്ങൾ ഇല്ലാതാക്കിയോ വിതരണം ചെയ്തോ ആ പദാർത്ഥം ഇടിഞ്ഞുപോകാതെ സംരക്ഷിക്കാനും ഭൂവസ്ത്രത്തിന് കഴിയും.

ഇത്തരം കഴിവുകൾ കാരണം ഹൈഡ്രോളിക് നിർമ്മാണരംഗത്ത് ജലപാത കളുടെയും മറ്റും തീരത്തെയും അടിത്തട്ടിലെയും മണ്ണൊലിപ്പ് തടയാനും ചരുവു കളിലെ മണ്ണ് ഉറപ്പിക്കാനും ഭൂമി നിരപ്പാക്കൽ പോലുള്ള നിർമ്മാണ ങ്ങളിൽ ജലവാർച്ചയ്ക്കായും റോഡ്, ജലസംഭരണി തുടങ്ങിയവയുടെ

നിർമ്മാണത്തിൽ ദുർബലപ്രതലങ്ങൾ ബല പെടുത്താനും വിവിധ പാളികളെ വേർതിരിക്കാനു മൊക്കെ ഭൂവസ്ത്രങ്ങൾ ഇന്ന് ഉപയോഗിക്കുന്നു.

സ്വാഭാവികമായ പ്രകൃതിപരിസരത്തെ നിശ്ചിത കാലയളവിലേക്ക് പിന്തുണക്കുകയാണ് ഭൂവസ്ത്രം ചെയ്യുന്നത്. പുല്ലും ചെടികളും വേരുപടലങ്ങളും വളർന്ന് പ്രകൃതിസഹജമായ ഭൂവസ്ത്രം രൂപപ്പെടുന്നതുവരെ അത് ഭൂമിയെ സംരക്ഷിക്കുന്നു. ദീർഘകാല സംരക്ഷണത്തിന് സാഹചര്യമൊരുക്കുന്ന താൽക്കാലിക സംരക്ഷണം.

മണ്ണ് സംരക്ഷണത്തിനും മണ്ണൊലിപ്പ് തടയാനുമുള്ള ദീർഘകാല പ്രതിവിധി സസ്യങ്ങൾ വളർത്തുകയാണ് എന്ന് കണക്കാക്കുന്ന ഇടങ്ങളിലെല്ലാം കയർ ഭൂവസ്ത്രം ഉപയോഗിക്കാം.

മഴയും കാറ്റും കൊണ്ട് ഉണ്ടാകുന്ന മണ്ണൊലിൽ നിന്നും സംരക്ഷണം, സ്വന്തം ഭാരത്തിന്റെ അഞ്ചിരട്ടി വെള്ളം വലിച്ചെടുക്കാനുള്ള ശേഷി, വെള്ളമൊഴുക്കിന്റെ വേഗം കുറയ്ക്കാനും അതുവഴി മണ്ണൊലിപ്പ് കുറക്കാനുള്ള കഴിവ്, മണ്ണിലെയും അന്തരീക്ഷത്തിലെയും ഈർപ്പം നിലനിർത്തുന്നു, താപത്തിന്റെ തീക്ഷണത കുറയ്ക്കുന്നു, മണ്ണിൽ ജൈവാംശം പകർന്നുകൊണ്ട് ദ്രവിച്ചു തീരുന്നു തുടങ്ങിയവ കയർ ഭൂവസ്ത്രത്തിന്റെ മെച്ചങ്ങളാണ്.

## കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ രീതി

ഒരിഞ്ച് കണ്ണി വലിപ്പമുള്ള കയർ ഭൂവസ്ത്രം 30% വരെയും അര ഇഞ്ച് വലിപ്പമുള്ളവകൊണ്ട് 50% വരെയും കാൽ ഇഞ്ച് വലിപ്പമുള്ളവ കൊണ്ട് 100% വരെയും ചരിവുകളിൽ മണ്ണൊലിപ്പ് തടയാൻ കഴിയുന്നു. ജലം സംരക്ഷച്ചു നിർത്താനുള്ള ഭൂമിയുടെ ശേഷി 16 മുതൽ 21 വരം ശതമാനം ഉയർത്തുവാൻ ഇതുവഴി കഴിയും.

കയർ ഭൂവസ്ത്രം ചരുവു പ്രതലത്തിൽ പതിഞ്ഞ് കിടക്കത്തക്ക രീതിയിലാണ് വിതാനിക്കേണ്ടത്. അതിനുവേണ്ടി ചരിവു പ്രതലം ഒരേപോലുള്ള പ്രതലമാകുവാൻ ഗർത്തങ്ങളും കൂനകളും ഒഴിവാക്കുകയും പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് കയർ ഭൂവസ്ത്രം പ്രതലത്തിൽ മണ്ണുമായി ചേർന്നു കിടക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വെള്ളം ഒഴുകുന്ന ദിശയിലേക്ക് മുകളിൽ നിന്നും താഴേക്കായിട്ടാണ് ചരിവ് പ്രതലത്തിൽ വിതാനിക്കേണ്ടത്. കയർ ഭൂവസ്ത്രം മുളകൊണ്ടുള്ള കുറ്റി ഉപയോഗിച്ചാണ് ഉറപ്പിക്കുക. ഭൂവസ്ത്രത്തിന്റെ ഓരോ പാളിയും 15 സെന്റീമീറ്റർ കയറ്റി അടുത്ത പാളിയിലായ് വേണം ഉറപ്പിക്കുക. ഭൂവസ്ത്രം വിരിച്ച ശേഷം പുൽ വിത്ത് നടാവുന്നതാണ്.

## തോടുകൾ കുളങ്ങൾ നീർച്ചാലുകൾ എന്നിവയുടെ തീര സംരക്ഷണം

നദികളുടെയും തോടുകളുടെയും കരകളിലെ മണ്ണൊലിപ്പ് ഭൂവസ്ത്രം ഉപയോഗിച്ച് ഫലപ്രദമായ് തടയാനും ഒഴുകിപ്പോകുന്ന കരഭാഗം പുനസ്ഥാപിക്കാനും കഴിയും. പ്രളയ ജലത്തിന്റെ വേഗം ഗണ്യമായി കുറച്ചു ഇടിഞ്ഞു വീണ മണ്ണിനെ അവിടെത്തന്നെ നിക്ഷേപിക്കുന്നു. കരിങ്കല്ലുപയോഗിച്ചുള്ള പരമ്പരാഗത പുലിമുട്ടുകൾക്ക് പകരം ജലത്തെ ഭാഗീകമായി കടത്തി വിടുന്ന തരം കയർ ഭൂവസ്ത്രങ്ങൾ (കൊക്കോലോഗ്) ഉപയോഗിച്ചാണ് ഇതിനുള്ള പുലിമുട്ടുകൾ തയാറാക്കുന്നത്. പുതുതായി മണ്ണ് വീണ ടിഞ്ഞ സ്ഥലത്ത് സസ്യാവരണം നിർമ്മിച്ച് മണ്ണൊലിപ്പ് തടയുന്നു.

## കയർ ഭൂവസ്ത്രത്തിന്റെ ധർമ്മങ്ങൾ

- **FLUID TRANSMISSION :** ജലത്തെ ശേഖരിച്ച് സ്വന്തം പ്രതലത്തിലൂടെ കടത്തിവിട്ടു മണ്ണ് സംരക്ഷണം ഉറപ്പാക്കുന്നു.
- **FILTRATION:** കണ്ണികൾ അരിപ്പയായി പ്രവർത്തിച്ച് മണ്ണൊലിപ്പ് തടയുന്നു.
- **SEPERATION:** മണ്ണിനെയും ചരലിനെയും വേർതിരിച്ച് അതാതിന്റെ സ്വാഭാവിക ഗുണം നിലനിർത്തുന്നു.
- **REINFORCEMENT:** സമ്മർദം അനുഭവപ്പെടുന്ന രണ്ടു വസ്തുക്കൾക്കിടയിൽ വലിഞ്ഞു നിൽക്കുന്ന പാളിയായി പ്രവർത്തിച്ച് സമ്മർദം ലഘുകരിച്ച് നിർമ്മാണത്തിൽ അധിക ഈടും ബലവും നൽകുന്നു.
- **PROTECTION:** ഒരു വസ്തുവിൽ അനുഭവപ്പെടുന്ന സമ്മർദം താങ്ങ് ബലം എന്നിവയെ വിവിധ ദിശകളിലേക്ക് വിതരണം ചെയ്ത് നിഷ്ഫലമാക്കി സംരക്ഷിക്കുന്നു.
- **SUPPORT:** രണ്ടു പാളികൾക്ക് ഇടയിൽ ഉപയോഗിക്കുമ്പോൾ ശൂന്യമായ പാളിയുടെ പ്രദേശങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള ദ്വാരങ്ങൾ, ബലക്കുറവ് എന്നിവ ഇല്ലാതാക്കുന്നു.

## കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

റോഡുകളുടെ നിർമ്മാണത്തിന് കയർ ഭൂവസ്ത്രം വളരെ ഫലപ്രദമായി കണ്ടുവരുന്നു. ഇതിന്റെ ഉപയോഗം പുതുതായി നിർമ്മിക്കുന്ന റോഡുകൾക്ക് അധികം ബലം നൽകും. പ്രത്യേകിച്ച് ചതുപ്പ് പ്രദേശങ്ങളിലെ റോഡുകൾക്ക് കയർഭൂവസ്ത്രം വർധിച്ച സംരക്ഷണം നൽകുന്നുണ്ട്.

കയർ ഭൂവസ്ത്രം ഉപയോഗിച്ചു രണ്ടുതരത്തിലുള്ള റോഡുകൾ നിർമ്മിക്കാം. ഗ്രാമീണ റോഡ്, ടാർ ചെയ്ത റോഡ് എന്നിവയാണ് അത്. ഗ്രാമീണ റോഡ് പൂർണമായും മണ്ണ് ഉപയോഗിച്ചുള്ള റോഡുകളാണ്. കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഗ്രാമീണ റോഡുകൾ ബലപ്പെടുത്താൻ കഴിയും. കയർ ഭൂവസ്ത്രം വിരിക്കാൻ ഉദ്ദേശിക്കുന്ന റോഡ് നല്ലവണ്ണം വൃത്തിയാക്കി നിരപ്പാക്കുന്നു. നിരപ്പാക്കിയ റോഡിൽ കയർ ഭൂവസ്ത്രം വിരിക്കുന്നു. വിരിച്ച കയർ ഭൂവസ്ത്രത്തിൽ മണ്ണു നിറച്ച് ബലപ്പെടുത്തിയശേഷം ബലൂൺ രൂപത്തിൽ മടക്കി വെക്കുന്നു. കയർ ഭൂവസ്ത്രം മണ്ണിൽ ഉറപ്പിക്കുന്നതിന് മുളങ്കുറ്റി ആണ് ഉപയോഗിക്കുന്നത്. തുടർച്ച കിട്ടുന്നതിന് കയർ ഭൂവസ്ത്രത്തിന്റെ അറ്റങ്ങൾ ഒന്നിനുമുകളിലൊന്നായി 10 സെൻറീമീറ്റർ കയറ്റി വെക്കുന്നു. മണ്ണിന്റെ സ്വഭാവമനുസരിച്ച് കയർ ഭൂവസ്ത്രം രണ്ട് പാളികളായും ഉപയോഗിക്കാം

ടാർ റോഡുകൾക്കായി കയർ ഭൂവസ്ത്രം മണ്ണിനോട് ഒട്ടിച്ചേർന്നു കിടക്കത്തക്കവിധം ഒരുക്കുക. വെള്ളം ഒഴുകി പോകുന്നതിന് ഇരുവശങ്ങളിലും 60 സെൻറീമീറ്റർ അളവിൽ ഓട നിർമിക്കുന്നു. അതിനുശേഷം കയർ ഭൂവസ്ത്രം വീതിയുടെ ദിശയിൽ വിരിക്കുന്നു. അതിനുമുകളിൽ 60 മില്ലി മീറ്റർ മെറ്റൽ 10 സെ.മീറ്റർ കനത്തിൽ വിരിക്കേണ്ടതാണ്. അതിനെ റോളർ ഉപയോഗിച്ച് ബലപ്പെടുത്തുക. അതിനുമുകളിലായി 36 മി.മീ. മെറ്റൽ, 10 സെ.മീ കനത്തിൽ വിരിക്കുന്നു. അതിനെ റോളർ ഉപയോഗിച്ച് ബലപ്പെടുത്തുന്നു. അതിനുമുകളിലായി കയർ ഭൂവസ്ത്രം നീളത്തിൽ ദിശയിൽ വിരിക്കുക. കയർ ഭൂവസ്ത്രത്തിന് മുകളിൽ ടാർ നല്ലവണ്ണം സ്പ്രേ ചെയ്യുക. ശേഷം 12 മി.മീ മെറ്റൽ ഉപയോഗിച്ച് ടാർ ചെയ്യുന്നു. അവസാനമായി ആറ് മില്ലി മീറ്റർ ഉപയോഗിച്ച് ടാർ ചെയ്യുന്നു. ഇങ്ങനെ കയർ ഭൂവസ്ത്രം മണ്ണ് ജല സംരക്ഷണത്തിനും പ്രകൃതി സംരക്ഷണത്തിനും വലിയതോതിൽ ഉപയോഗിക്കുവാൻ കഴിയുന്ന ഒരു കയർ ഉത്പന്നമാണ്.

# കയർഫെഡ് കയർ സംഭരിക്കുന്നില്ലെന്ന ആരോപണം അടിസ്ഥാനരഹിതം: അഡ്വ. എൻ. സായികുമാർ



കയർഫെഡ് കയർ സംഭരിക്കുന്നില്ല എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണെന്ന് കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ പ്രസ്താവനയിൽ പറഞ്ഞു. കയർ സംഘങ്ങളിൽ നിന്ന് സംഭരിച്ച എഴുപതിനായിരത്തോളം ക്വിന്റൽ കയർ വിറ്റഴിക്കാനാവാതെ ഗോഡൗണുകളിൽ സ്റ്റോക്കിരിക്കുകയാണ്. കയറിന്റെ വില്പന മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള യന്ത്രക്കയറിന് നമ്മുടെ കയർ വിലയെക്കാൾ 25 ശതമാനം വിലക്കുറവാണ്. ഈ വിലക്കുറവ് കാരണം ആഭ്യന്തര മാർക്കറ്റ് പൂർണമായും തമിഴ്നാട് കീഴടക്കിക്കഴിഞ്ഞു. ചകിരിച്ചോറിന്റെ വിപണിമൂല്യം വർധിച്ചത് കൊണ്ടാണ് ചകിരിയും കയറും വിലകുറച്ച് തമിഴ്നാടിന് വിൽക്കാനാകുന്നത്.

കേരളത്തിൽ ചകിരിച്ചോറിന് പരമാവധി ആറ് രൂപ ലഭിക്കുമ്പോൾ തമിഴ്നാട്ടിൽ ചകിരിച്ചോറിന് 20 രൂപയിൽ അധികം ലഭിക്കുന്നു. ചകിരിച്ചോർ കഴുകി ഉണക്കി വിൽക്കാൻ കഴിയുന്നതുകൊണ്ടാണ് ഈ നേട്ടം അവർക്ക് കൈവരിക്കുവാൻ കഴിയുന്നത്. എന്നാൽ ഇടയ്ക്കിടെ മഴ പെയ്യുന്നതും ജനസാന്ദ്രത കൂടുതൽ ആയതിനാലും ചകിരിച്ചോർ കഴുകിയുണക്കി മാർക്കറ്റ് ചെയ്യുവാൻ നമുക്ക് കഴിയുന്നില്ല. മാത്രമല്ല ചകിരിച്ചോർ കഴുകിയാൽ അതിൽനിന്നും ഊർന്നിറങ്ങുന്ന വെള്ളം കുടിവെള്ള സ്രോതസിനെ മലിനമാക്കും എന്ന ആശങ്കയും തടസമാണ്. ചുരുക്കത്തിൽ കേരളത്തിലെ കയർ വ്യവസായം കടുത്ത ഭീഷണിയും വെല്ലുവിളിയുമാണ് നേരിടുന്നത്. ഈ പ്രതിസന്ധി മറികടക്കുന്നതിന് എല്ലാവരും ഒരുമിച്ച് നിൽക്കേണ്ടതാണ്.

ഈ സാഹചര്യത്തിലും കയർ സംഘങ്ങളെയും തൊഴിലാളികളെയും സഹായിക്കുന്നതിനായി കയർഫെഡ് 10 സ്വന്തം ഗോഡൗണുകൾക്കു പുറമേ 20 ഗോഡൗണുകൾ വാടകയ്ക്കെടുത്താണ് കയർ സംഭരിച്ചിരിക്കുന്നത്. ഇതിനായി പ്രതിവർഷം ഒന്നരക്കോടിയോളം രൂപ വാടകയിനത്തിൽ കയർഫെഡ് ചെലവഴിക്കുന്നുണ്ട്. കൂടാതെ കൂടുതൽ ഗോഡൗണുകൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

ആഗസ്റ്റ് 5ന് മാത്രം 23 ലോഡ് കയർ ആലപ്പുഴ റീജിയണൽ ഓഫീസ് വഴി സംഭരിച്ചതിൽ 13 ലോഡും ആറാട്ടുപുഴ മേഖലയിൽനിന്നാണ്. കയർഫെഡിന് എതിരെ തെറ്റായ ആരോപണം ഉന്നയിച്ച് ഇരുട്ടുകൊണ്ട് ഓട്ടയടക്കാനുള്ള ചിലരുടെ ശ്രമം കയർമേഖലയുടെ തകർച്ച പൂർണമാക്കുവാനേ ഉപകരിക്കുകയുള്ളൂ.

കയറിന്റെ വില നിർണയം നടത്തിയത് സർക്കാർ നിയോഗിച്ച വിദഗ്ധസമിതിയാണ്. ഈ സമിതിയിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർമാൻമാർ കയർമേഖലയിലെ അംഗീകൃത കേന്ദ്ര ട്രേഡ് യൂണിയനുകളായ സി.ഐ.ടി.യു, എ.ഐ.റ്റി.യു.സി, ഐ.എൻ.റ്റി.യു.സി, യു.റ്റി.യു.സി, റ്റി.യു.സി.ഐ, ബി.എം.എസ് എന്നിവരുടെ പ്രതിനിധികളും ഉൾപ്പെട്ടിരുന്നു. ഈ സമിതി ബഹു വ്യവസായ-നിയമ കയർ മന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന് ചകിരി വിലകുറവിന്റെ അടിസ്ഥാനത്തിൽ ഐകകണ്ഠേന എടുത്ത തീരുമാനപ്രകാരമാണ് കയർ വില പുതുക്കി നിശ്ചയിച്ചത്. ഇതിന് കയർഫെഡിനെ വിമർശിക്കുന്നത് അസംബന്ധമാണ്

സംഘങ്ങളിൽ നിന്നും സംഭരിച്ച വിറ്റഴിക്കപ്പെടാത്ത കയറിന്റെ വില സർക്കാർ സഹായത്തോടെ നൽകുന്നതിന് കയർഫെഡ് ആത്മാർഥമായി പരിശ്രമിച്ച് വരികയാണ്. സംസ്ഥാന വ്യവസായ- നിയമ -കയർ മന്ത്രിയും സംസ്ഥാന സർക്കാരും ഇക്കാര്യത്തിൽ കയർഫെഡിനെ അകമഴിഞ്ഞ് സഹായിച്ചു വരുന്നുണ്ട്. ആയതിനാൽ സത്യാവസ്ഥ മനസിലാക്കി കയർഫെഡിനും സർക്കാരിനുമെതിരെ സങ്കുചിത താൽപര്യത്തോടെ ചിലർ നടത്തുന്ന അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയണം എന്ന് കയർഫെഡ് പ്രസിഡന്റ് അഡ്വ.എൻ. സായികുമാർ അഭ്യർത്ഥിച്ചു.

# ഇന്ത്യയിൽ നിന്നുള്ള കയർ ഉത്പന്ന കയറ്റുമതിയിൽ വർധന

- **561.07 കോടി രൂപയുടെ അധിക വരുമാനം**
- **ലക്ഷ്യമിടുന്നത് 7000 കോടി രൂപയുടെ വരുമാനം**

ഇന്ത്യയിൽ നിന്നുള്ള കയർ, കയർ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ റെക്കോർഡ് വളർച്ച 2021-22ൽ 12,34,855 ടൺ ഉത്പന്നങ്ങൾ കയറ്റി അയച്ച് 4,340.05 കോടി രൂപയുടെ കയറ്റുമതി വരുമാനം നേടിയതായി കയർ ബോർഡ് ചെയർമാൻ ഡി. കുപ്പുരാമു അറിയിച്ചു.

2020-21 ൽ, 11, 63,213 ടൺ ഉത്പന്നങ്ങളുടെ കയറ്റുമതിയിലൂടെ 3,778.98 കോടി രൂപയുടെ വരുമാനം നേടിയ സ്ഥാനത്താണിത്. മേഖലയിൽ നിന്നുള്ള കയറ്റുമതി അളവിൽ 6.2 ശതമാനവും വരുമാനത്തിൽ 4.8 ശതമാനവുമാണ് വാർഷിക വർധന. ഏതാനും വർഷത്തിനുള്ളിൽ 7,000 കോടി രൂപയുടെ കയറ്റുമതിയാണ് കയർ മേഖലയിൽ ലക്ഷ്യമിടുന്നതെന്നും കുപ്പുരാമു പറഞ്ഞു. ചകിരിച്ചോറ്, ടഫ്റ്റഡ് മാറ്റ്, ചകിരിനാര്, കാർപെറ്റ്, ചൂടി തുടങ്ങിയ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ വർധന രേഖപ്പെടുത്തിയപ്പോൾ കയർ ഭൂവസ്ത്രം, റബർ ചേർത്തുള്ള കയർ ഉത്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയിൽ ഇടിവുണ്ടായി.

**COMPARITIVE STATEMENT OF EXPORT OF COIR PRODUCTS (2021-22 and 2020-21)**

| Q=Quantity in MT | | | | | V=Value in Rs.Lakhs | |
|---|---|---|---|---|---|---|
| Item | 2021-22 | | 2020-21 | | % Growth Cumulative | |
| | Q | V | Q | V | Q | V |
| Coir Fibre | 399428 | 63655.79 | 354123 | 62890.57 | 12.8 | 1.2 |
| Coir Yarn | 4285 | 3330.73 | 3849 | 2919.30 | 11.3 | 14.1 |
| Handloom Mat | 21079 | 26172.99 | 20527 | 24662.10 | 2.7 | 6.1 |
| Poweloom Mat | 408 | 753.80 | 65 | 106.51 | 531.3 | 607.7 |
| Tufted Mat | 92810 | 100114.57 | 81799 | 80690.82 | 13.5 | 24.1 |
| Handloom Matting | 1110 | 1423.21 | 1418 | 1712.00 | -21.8 | -16.9 |
| Powerloom Matting | 4 | 9.62 | 11 | 19.24 | -66.6 | -50.0 |
| Coir Geotextiles | 6978 | 6165.74 | 8583 | 7059.05 | -18.7 | -12.7 |
| Coir Rugs & Carpets | 580 | 861.79 | 327 | 427.90 | 77.4 | 101.4 |
| Coir Rope | 716 | 649.84 | 505 | 491.76 | 41.9 | 32.1 |
| Curled Coir | 9943 | 2622.89 | 9381 | 2422.22 | 6.0 | 8.3 |
| Rubberised Coir | 644 | 1096.88 | 982 | 1321.41 | -34.4 | -17.0 |
| Coir Pith | 696175 | 225917.69 | 680898 | 191974.07 | 2.2 | 17.7 |
| Coir Other Sorts** | 696 | 1229.56 | 744 | 1200.96 | -6.5 | 2.4 |
| **Total** | **1234855** | **434005.10** | **1163213** | **377897.91** | **6.2** | **14.8** |

****Coir braids, Poles, Bags, Fenders& Coir Fancy items**

### 103 ഇറക്കുമതി രാജ്യങ്ങൾ

2021-22 ൽ 103 രാജ്യങ്ങളാണ് ഇന്ത്യൻ കയർ, കയറുത്പന്നങ്ങൾ ഇറക്കുമതി ചെയ്തത്. മൂല്യത്തിൽ 29.79 ശതമാനവും അളവിൽ 17 ശതമാനവും വിഹിതവുമായി. യു.എസ് ആണ്. ഇറക്കുമതിയിൽ മുന്നിൽ ചൈനയാണ് രണ്ടാം സ്ഥാനത്ത്.

നെതർലാന്റ്, ദക്ഷിണ കൊറിയ, യു.കെ, സ്പെയിൻ, ഓസ്ട്രേലിയ, ഇറ്റലി, ജർമനി, കാനഡ എന്നിവയാണ് ഇന്ത്യൻ കയറുത്പന്നങ്ങളുടെ മറ്റ് പ്രധാന വിപണികൾ.

### മുന്നിൽ ചകിരിച്ചോറ്

2.259.18 കോടി രൂപയുടെ കയറ്റുമതി വരുമാനം ചകിരിച്ചോറിൽ നിന്നാണ്. 52.05 ശതമാനമാണ് മൊത്തം കയറ്റുമതി വരുമാനത്തിൽ ചകിരിച്ചോറിൽ നിന്നുള്ള വിഹിതം. 1001.15 കോടി രൂപയുടെ വരുമാനം രേഖപ്പെടുത്തി 23.06 ശതമാനം വിഹിതവുമായി ടഫ്റ്റഡ് മാറ്റാണ് രണ്ടാമതുള്ളത്. മൊത്തം കയറ്റുമതിയിൽ 14.66 ശതമാനം (636.56 കോടി രൂപ) വരുമാനം കയർ നാരിൽ നിന്നാണ്. കയർ, കയറുത്പന്നങ്ങളുടെ കയറ്റുമതിയിൽ 46 ശതമാനവും തൂത്തുക്കുടി തുറമുഖം വഴിയായിരുന്നു. കൊച്ചി, ചെന്നൈ എന്നിവയാണ് കയറ്റുമതിയിൽ മുന്നിലുള്ള മറ്റ് തുറമുഖങ്ങൾ.

# ആസാദി കാ അമൃത് മഹോത്സവം: പദ്ധതികളുമായി കയർബോർഡ്



*ഹർ ഘർ തിരങ്കയുടെ ഭാഗമായി നടന്ന ചടങ്ങിൽ കയർ ബോർഡ് ചെയർമാൻ ഡി. കുപ്പുരാമു ദേശീയ പതാക എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് ഹരികുമാറിനു കൈമാറുന്നു.*

**രാ**ജ്യം മുഴുവനും സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികം ആഘോഷിക്കുന്നവേളയിൽ എല്ലാ വീട്ടിലും ത്രിവർണ പതാക എന്ന മുദ്രാവാക്യവുമായി കയർ ബോർഡ് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു.

ഇതോടൊപ്പം ബോർഡ് അതിന്റെ 70–ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി ഒരു വർഷത്തെ പരിപാടികളും ആരംഭിക്കുന്നുണ്ട്. ഈ ആഘോഷത്തിന്റെ ഭാഗമായുള്ള പ്രധാന പരിപാടി 2023 വർഷത്തിന്റെ ആദ്യപാദത്തിൽ നടക്കും. കയർ വ്യവസായം വികസിപ്പിക്കുന്നതിനും അതുവഴി രാജ്യത്തെ അധസ്ഥിതരായ ജനങ്ങളുടെ ഉന്നമനത്തിനും നിരവധി പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അധസ്ഥിതരായ ജനങ്ങൾക്ക് സ്വന്തം ഉപജീവനമാർഗം കണ്ടെത്തുന്നതിനായി ഇന്ത്യയൊട്ടാകെ പരിശീലന പരിപാടികൾ നടത്തി. 2021–22 കാലയളവിൽ 5000ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി. മാർക്കറ്റ് ഡെലവപ്പ്മെന്റ് അസിസ്റ്റൻസ് എന്ന നിലയിൽ വിവിധ സംസ്ഥാനങ്ങൾക്കായി 2021–22 വർഷം 959.62 ലക്ഷം രൂപ അനുവദിച്ചു. കേരളാ സർക്കാരിന് നൽകിയത് 672 ലക്ഷം രൂപയാണ് എന്നും കയർബോർഡ് അറിയിച്ചു.

കയർ ബോർഡിന്റെ ഗവേഷണ സ്ഥാപനങ്ങൾ, സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ആലപ്പുഴ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കയർ ടെക്നോളജി എന്നിവ 2021–22 വർഷത്തിൽ 10 പുതിയ യന്ത്രങ്ങൾ വികസിപ്പിച്ചെടുത്തു. 13 പുതിയ ഉത്പന്നങ്ങളും വികസിപ്പിച്ചു. ഫ്രൂട്ട് ബൗൾ, കയർ ബട്ടണുകൾ, കയർ സർട്ടിഫിക്കറ്റ് ബോൾഡർ, ഓട്ടോമോട്ടീവ് മിറർ കവറുകൾ ഫ്ളാറ്റ് റെക്റ്റാംഗുലർ ട്രേ എന്നിവ. ഈ വർഷം ആരംഭിച്ച ഉത്പന്നങ്ങളാണിവ.

ഒമ്പത് പുതിയ സാങ്കേതിക വിദ്യകളും വികസിപ്പിച്ചു. നിലവിൽ ഇന്ത്യയിൽ നിന്ന് നൂറിലേറെ രാജ്യങ്ങളിലേക്ക് കയർ കയറ്റുമതി ചെയ്യുന്നുണ്ട്. കയറിനു വേണ്ടി നാരുകൾ വേർതിരിച്ചെടുക്കുമ്പോൾ ലഭിക്കുന്ന കയർപിത്ത് വളരെയേറെ ആവശ്യക്കാരുള്ള ഉത്പന്നമാണ്. കഴിഞ്ഞ വർഷത്തെ കയറ്റുമതിക്കാരുടെ 52.05 ശതമാനവും കയർ പിത്തായിരുന്നു. കയർ ഉപയോഗിച്ചു ഗ്രാമീണ റോഡുകളുടെ അഞ്ച് ശതമാനം കയർ ഭൂവസ്ത്രം ഉപയോഗിച്ച് നിർമ്മിക്കും. കേരളത്തിൽ ഇത് 71 കിലോമീറ്ററോളം വരും. ഏഴ് സംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് 1674 കിലോമീറ്റർ റോഡ് നിർമ്മിക്കും. ഇതിന് ഒരുകോടി ചതുരശ്രയടി മീറ്ററോളം കയർ ഭൂവസ്ത്രങ്ങൾ ആവശ്യമാണ്. ഇതിന്റെ ചെലവ് 30 കോടി രൂപ വരും. രാജ്യത്തുടനീളം കയർബോർഡിന്റെ 29 പ്രത്യേക ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനായി. മുൻ വർഷത്തെ അപേക്ഷിച്ച് 98 ശതമാനം വളർച്ചയാണിത് എന്നും കയർബോർഡ് അറിയിച്ചു

'ആസാദി കാ അമൃത് മഹോത്സവ്' 'ഹർ ഘർ തിരംഗ' ആഘോഷ പരിപാടികളുടെ ഭാഗമായി കയർ ബോർഡ് ദേശീയ പതാകകൾ വിതരണം ചെയ്തു. സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികത്തിൽ തന്നെ കയർ ബോർഡ് രൂപവത്കൃതമായി 70 വർഷങ്ങൾ പിന്നിട്ടതിന്റെ ആഘോഷ പരിപാടികളും നടക്കുന്നുണ്ട്. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾക്കാണ് രൂപം നൽകിയിരിക്കുന്നത്. 'ഹർ ഘർ തിരംഗ'യുടെ ഭാഗമായി വീടുകളിൽ ഉയർത്തുന്നതിനായി എല്ലാ ജീവനക്കാർക്കും ദേശീയ പതാകകൾ വിതരണം ചെയ്തെന്ന് കയർബോർഡ് സെക്രട്ടറി എം. കുമാര രാജയും അറിയിച്ചു. എറണാകുളം പ്രസ് ക്ലബ്ബ് പ്രസിഡന്റ് എം.ആർ. ഹരികുമാറിന് ദേശീയ പതാക കൈമാറിക്കൊണ്ടാണ് ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചത്.

# കയർ ഭൂവസ്ത്ര വിതാനം കൊല്ലം ജില്ലയിൽ



**കൊ**ല്ലം ജില്ലയിൽ കയർ ഭൂവസ്ത്ര സാധ്യത വർധിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലയിൽ പൊതുതോടുകളുടെയും കുളങ്ങളുടെയും നീർച്ചാലുകളുടെയും വശങ്ങളിൽ വിതാനിച്ചത് 4.18 ലക്ഷം സ്ക്വയർ മീറ്റർ കയർഭൂവസ്ത്രമാണ്. നാലുകോടിയുടെ കയർ ഭൂവസ്ത്രം ഉപയോഗിച്ചതുവഴി തൊഴിലുറപ്പ് -കയർ തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാനും സഹായിച്ചു. സർക്കാരിന്റെ 'തെളിനീരൊഴുകും നവകേരളം' പദ്ധതിയിൽക്കൂടി ഉൾപ്പെടുത്തി ജലസ്രോതസുകളുടെ സംരക്ഷണത്തിന് ഭൂവസ്ത്രം ഉപയോഗിക്കുന്നതിലൂടെ ഇത്തവണ 10 ലക്ഷം സ്ക്വയർ മീറ്റർ പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ് കണക്കുകൂട്ടൽ.

തദ്ദേശസ്ഥാപന മേൽനോട്ടത്തിൽ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തോടുകൾക്കും കുളങ്ങൾക്കും കയർ ഭൂവസ്ത്രം കവചമൊരുക്കുന്നത്. ജലാശയങ്ങൾക്കു പുറമെ ജില്ലയിൽ ബണ്ട് റോഡുകൾ കൂടി ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്താൻ തുടങ്ങിയതും സാധ്യത ഇരട്ടിയാക്കുന്നു. മുന്നിൽ പത്തനാപുരം ബ്ലോക്ക്. പത്തനാപുരം ബ്ലോക്ക് പഞ്ചായത്താണ് ജില്ലയിൽ ഏറ്റവും കൂടുതൽ ഭൂവസ്ത്രം വിതാനിച്ചത്–1,34,708 സ്ക്വയർ മീറ്റർ. അഞ്ചൽ (1,30,939 സ്ക്വയർ മീറ്റർ), ചടയമംഗലം (48,968 സ്ക്വയർ മീറ്റർ) എന്നിവയാണ് തൊട്ടുപിന്നിൽ. പഞ്ചായത്തുകളിൽ ഏരൂരാണ് ഏറ്റവും കൂടുതൽ ഉപയോഗിച്ചത് 84,865 സ്ക്വയർമീറ്റർ. വിളക്കുടി (33,642 സ്ക്വയർ മീറ്റർ), കടയ്ക്കൽ (28,557 സ്ക്വയർ മീറ്റർ). ജില്ലയിൽ 11 ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലും പദ്ധതി നടപ്പാക്കുന്നു. ഈ സാമ്പത്തിക വർഷം 10ലക്ഷം സ്ക്വയർ മീറ്റർ ഭൂവസ്ത്രം വിരിക്കാനാണ് ലക്ഷ്യം. മഴയിൽ ജലാശയങ്ങളിൽ വെള്ളം കൂടികിടക്കുന്നതിനാൽ വിതാനിക്കൽ പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്.

ജലവും മണ്ണും ജൈവസമ്പത്തും സംരക്ഷിക്കും. പൊതുതോടുകളുടെയും കുളങ്ങളുടെയും വശങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതോടെ ജലവും മണ്ണും ജൈവസമ്പത്തും സംരക്ഷിക്കാൻ കഴിയുമെന്നതാണ് പ്രത്യേകത.

നേരത്തെ പാറ ഉപയോഗിച്ചായിരുന്നു ജലാശയങ്ങളുടെ പാർശ്വഭിത്തി ബലപ്പെടുത്തിയിരുന്നത്. കയർ ഭൂവസ്ത്രം അണിയിക്കാൻ തുടങ്ങിയതോടെ ജലാശയങ്ങളുടെ വശങ്ങൾ ബലപ്പെടുത്തി നീരൊഴുക്ക് സുഗമമാക്കുന്നതിനാൽ വെള്ളക്കെട്ടുകൾക്കും ശാശ്വതപരിഹാരമാകുന്നു. വിതാനം ഇങ്ങനെ പൊതുതോടുകളും കുളങ്ങളും വെട്ടിവൃത്തിയാക്കിയശേഷം മണ്ണും ചെളിയും മഴയിലും മറ്റും വശങ്ങളിലൂടെ ഇടിഞ്ഞുവീഴാതെ സംരക്ഷിക്കാനാണ് കയർഭൂവസ്ത്രം വിരിക്കുന്നത്. വലിയ റോളുകളായി എത്തിക്കുന്ന കയർ ഭൂവസ്ത്രം തോടുകളുടെയും കുളങ്ങളുടെയും വശങ്ങളുടെ അളവിനനുസരിച്ച് മുറിച്ചെടുത്ത് ചെറിയ കുറ്റികൾ ഉപയോഗിച്ച് ഉറപ്പിക്കും. തുടർന്ന് ഇതിനിടയിലായി രാമച്ചം, കണ്ടൽ, തീറ്റപ്പുൽ തുടങ്ങിയവ നടും. മൂന്നു വർഷംവരെ കയർ ഭൂവസ്ത്രം വശങ്ങളിൽ നിലനിൽക്കുമെന്നാണ് കണക്കുകൂട്ടൽ. വശങ്ങളിൽ വച്ചുപിടിപ്പിക്കുന്ന ചെടികൾ വളർന്നുകഴിയുമ്പോൾ കയറുകൾ ദ്രവിച്ചുപോകും. പാരിസ്ഥിതിക പ്രശ്നങ്ങളില്ലെന്നതും സവിശേഷത.

ഉത്പാദനം 18,000 ക്വിന്റൽ ജില്ലയിൽ 202122 സാമ്പത്തിക വർഷം ഉത്പാദിപ്പിച്ചത് 18,000 ക്വിന്റൽ കയർ. കൊല്ലം പ്രോജക്ടിനു കീഴിൽ 75 കയർ സഹകരണ സംഘങ്ങൾ ഉത്പാദനത്തിൽ കണ്ണിയായി. ഇതിലൂടെ 1578 തൊഴിലാളികൾക്ക് ശരാശരി 200 തൊഴിൽദിനം ലഭിച്ചു. 3.63 കോടി രൂപയാണ് കൂലി ഇനത്തിൽ നൽകിയത്. ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലിൽ നിർമിക്കുന്ന കയറാണ് ഭൂവസ്ത്രത്തിന് ഉപയോഗിക്കുന്നത്. ജില്ലയിൽ നിലവിൽ 250 എ.എസ്.എം. ആണുള്ളത്. ഇത് വന്നതോടെ കൂടുതൽ തൊഴിലാളികളാണ് മേഖലയിലേക്ക് എത്തിയത്.

# കയർ ഭൂവസ്ത്ര മതിൽ വിരിച്ച് കോട്ടയം; മണ്ണൊലിപ്പ് തടയുക ലക്ഷ്യം

**കോ**ട്ടയം ജില്ലയുടെ മലയോരമേഖലയിലും മണ്ണൊലിപ്പ് തടയാനായി കയർ ഭൂവസ്ത്രം ഉപയോഗിച്ച് പരീക്ഷണം. 15,,500 ചതുരശ്ര അടി വിസ്തീർണത്തിലാണ് കയർ ഭൂവസ്ത്ര മതിൽ വിരിച്ചത്. മണ്ണൊലിപ്പ് തടയുന്നതിനൊപ്പം റോഡരികുകൾ മനോഹരമാക്കുന്നത് കൂടി ലക്ഷ്യമിട്ടാണ് പദ്ധതി.

മീനച്ചിൽ ഗ്രാമപഞ്ചായത്ത് പൂവത്തോട് വാർഡിലാണ് പൊതുമരാമത്ത് വകുപ്പ് റോഡിന്റെ വശങ്ങളിൽ കയർഭൂവസ്ത്രം വിരിക്കുന്നത്. ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ ഇത് സാധാരണമാണെങ്കിലും ഈ മേഖലയിൽ ഇതാദ്യമായാണ് ഭൂവസ്ത്രം വിരിച്ചുള്ള മണ്ണ് സംരക്ഷണം. തൊഴിലുറപ്പ് ജോലിക്കാരായ 11 പേരാണ് പണി പൂർത്തിയാക്കിയത്.

മണ്ണിൽ കയർവിരിച്ച് നിശ്ചിത അകലത്തിൽ മുളയാണി അടിച്ച് പുല്ല് വച്ച് പിടിപ്പിക്കുകയാണ് ചെയ്യുന്നത്. 1,88,000 രൂപയാണ് പദ്ധതി ചെലവ്. മീനച്ചിൽ പഞ്ചായത്തിന്റെ തന്നെ മറ്റ് വാർഡുകളിലും പദ്ധതി നടപ്പിലാക്കും 80,000 രൂപയുടെ കയറാണ് ഇതിനായി ഉപയോഗിക്കുന്നത്. മണ്ണൊലിപ്പ് തടയുന്നതിനൊപ്പം തന്നെ വഴികളും മനോഹരമാകുമെന്നതാണ് ഇതിന്റെ മെച്ചം. കുട്ടികളുടെ പാർക്ക് അടക്കം പ്രദേശത്ത് ക്രമീകരിക്കാനും പഞ്ചായത്ത് ആലോചിക്കുന്നുണ്ട്.



# പൊതുമരാമത്ത് റോഡുകൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കും: മന്ത്രി പി. രാജീവ്

### • പൊതുമരാമത്ത് വകുപ്പ് മന്ത്രിയുമായി കയർ വകുപ്പ് മന്ത്രി ചർച്ച നടത്തി

**ക**യർ ഭൂവസ്ത്രം, നിർമ്മാണ പ്രവർത്തനങ്ങളിൽ കൂടുതലായി ഉപയോഗപ്പെടുത്തി വരികയാണെന്ന് സംസ്ഥാന വ്യവസായ കയർ മന്ത്രി പി. രാജീവ് അറിയിച്ചു. സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിലും കയർ ഭൂവസ്ത്ര ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തി ഉന്നത നിലവാരം പുലർത്തുന്നതാക്കി മാറ്റാൻ നേരത്തെ സർക്കാർ തീരുമാനിച്ചിരുന്നു.

ഇതനുസരിച്ച് സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും എൻ.സി.ആർ.എം.ഐ സർട്ടിഫിക്കേഷനുള്ള ഗുണനിലവാരമുള്ള കയർ ഭൂവസ്ത്രം കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്നതിനും ഉത്തരവായിരുന്നു.

ഇക്കാര്യം കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനെക്കുറിച്ച് പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസുമായി കയർ മന്ത്രി പി. രാജീവ് ചർച്ച നടത്തി. റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുന്ന കയർ ഭൂവസ്ത്രങ്ങൾക്ക് കയർ വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക ഗവേഷണ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) സർട്ടിഫിക്കേഷൻ ഉണ്ടായിരിക്കണമെന്ന നിർദ്ദേശം ഫലപ്രദമായി നടപ്പിലാക്കും.

റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവ കൂടുതൽ കാലം ഈടുനിൽക്കുന്നതിനും ഭൂവസ്ത്ര ഉപയോഗം പ്രയോജനപ്രദമാണെന്ന് അനുഭവമുള്ളതാണ് എന്നും മന്ത്രി പറഞ്ഞു.



## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bangalore | 8921861538 | | |
| 29 | Bhavanagar | 9497757231 | 0278-2516620 | |
| 30 | Bhopal | 09303964488 | 0755-2745923 | |
| 31 | Calcutta | 09163342270 | 033-22353029 | |
| 32 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 33 | Delhi | 09958272064 | 011-22544026 | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Surat II | | | |
| 46 | Trichy | 09750125580 | 09750125580 | |
| 47 | Pandurna | 09422857737 | 0716-4220183 | |
| 48 | Chapra | 09939066693 | 08986369244 | |
| 49 | Warud | 09421739326 | 0722-9234223 | |



ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

**Coirfed**

# വേവുന്ന വേനലിലും
## വിളകൾക്കു തണുവായ്, കയർഫെഡിന്റെ കൊക്കോഫെർട്ട്

### കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം







Customer Care Number :

**0477 2243627**











namasteads.com

**Call Now : 8281009828,8281009840**

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

**Tel: 0477 2243627, 2243628 , 2243629** www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com




# ചെറുകിട സംരംഭകർക്കായി സെമിനാർ



*എം.എസ്.എം.ഇ ഡവലപ്പ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ തൃശൂർ ഓഫീസ് സംരംഭകർക്കായി സംഘടിപ്പിച്ച ബോധവത്കരണ സെമിനാർ കളമശേരി എസ്.സി.എം.എസിൽ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. രാധ പി. തേവന്നൂർ, കയർബോർഡ് ചെയർമാൻ ഡി. കുപ്പുരാമു, ജി.എസ്. പ്രകാശ്, എം.എം. ജയകുമാർ, സെൽവരാജ് മൂപ്പനാർ എന്നിവർ സമീപം.*

**എം.**എസ്.എം.ഇ ഡവലപ്പ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ തൃശൂർ ആഫീസ് ചെറുകിട സംരംഭകർക്കായി കളമശേരി എസ്.സി.എം.എസിൽ സെമിനാർ നടത്തി. സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് സെമിനാർ ഉദ്ഘാടനം ചെയ്തു. എസ്.സി.എം.എസ്. ഗ്രൂപ്പ് ഡയറക്ടർ ഡോ. രാധ പി. തേവന്നൂർ അധ്യക്ഷത വഹിച്ചു. എം.എസ്.എം.ഇ ഡവലപ്പ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ തൃശൂർ ഓഫീസ് ജോയിന്റ് ഡയറക്ടർ ജി.എസ്. പ്രകാശ്, കയർ ബോർഡ് ചെയർമാൻ കുപ്പുരാമു എന്നിവർ പ്രസംഗിച്ചു.

# കയർഫെഡ് മുഹമ്മ ഷോപ്പ് തുറന്നു



*കയർഫെഡ് ഓണം വിപണനമേള മുഹമ്മയിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് ആർ. നാസർ ഉദ്ഘാടനം ചെയ്യുന്നു.*

**ക**യർഫെഡ് ഓണം വിപണന മേള മുഹമ്മ എന്റെ പ്ലാസ ഷോപ്പിംഗ് കോംപ്ലക്സിൽ ആരംഭിച്ചു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് ആർ. നാസർ ഉദ്ഘാടനം ചെയ്തു. ഓണക്കാലത്ത് സംസ്ഥാനത്ത് നൂറോളം സ്റ്റാളുകളാണ് കയർഫെഡ് തുറക്കുന്നത്. കയർഫെഡ് ഷോറൂമുകളിലും സ്റ്റാളുകളിലും ഉത്പന്നങ്ങൾക്ക് 20 മുതൽ 50 ശതമാനം വരെ ഡിസ്ക്കൗണ്ട് ലഭിക്കും.

റബറൈസ്ഡ് കയർ മെത്ത, കയർ മാറ്റ്, മാറ്റിംഗ്, പി.വി.സി. ടഫ്റ്റഡ് മാറ്റ്, റബർ ബാക്ക്ഡ് മാറ്റ്, കയർ ടൈൽ, കൊക്കോഫെർട്ട് ജൈവവളം, കോക്കോപോട്ട് ചെടിച്ചട്ടികൾ എന്നിവ ലഭിക്കും. 750 വിലയുള്ള പൊന്നോണക്കിറ്റ് 500 രൂപയ്ക്ക് ലഭ്യമാണ്.

മുഹമ്മയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കയർഫെഡ് എക്സിക്യൂട്ടീവ് കമ്മറ്റിയംഗം വി.എസ്. മണി അധ്യക്ഷനായി. പഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ബാബു ആദ്യവിൽപ്പന നടത്തി. മുഹമ്മ പഞ്ചായത്തംഗം ജി. സതീഷ്, കയർഫെഡ് മാർക്കറ്റിംഗ് മാനേജർമാരായ എം. അനുരാജ്, എസ്. അനിൽകുമാർ, കയർഫെഡ് ആലപ്പുഴ ഷോറൂം മാനേജർ ബി.എസ്. സുനോജ് എന്നിവർ സംസാരിച്ചു.



*കയർഫെഡ് ഓണം വിപണനമേള മുഹമ്മയിൽ പഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ബാബു ആദ്യവിൽപന നിർവഹിക്കുന്നു.*

**Coirfed**

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# COCOGREEN

## INOCULATED PITH
(Aerobic composting medium)



ഉറവിട മാലിന്യ സംസ്കരണത്തിന് ഉത്തമ മാർഗം.

മാലിന്യം വലിച്ചെറിയാതിരിക്കൂ..! ഉറവിട മാലിന്യ
സംസ്കരണത്തിലൂടെ ശുചിത്വകേരളം യാഥാർത്ഥ്യമാക്കാം...!







| Size- kg | MRP- Rs |
|---|---|
| 9 Kg | 180 |

## കയർഫെഡ് ഇനോക്കുലേറ്റഡ് പിത്ത്

ഉറവിട മാലിന്യ സംസ്കരണത്തിന്
ഒരു ഉത്തമ മാർഗം.

**Coirfed**

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. No.679,**
P.B.No.4616, Alappuzha,Kerala, India. Tel: 0477 2243627, 2243628 , 2243629, 2244109(D)
www.coirfed.com, Email: coirfedho@gmail.com, mdcoirfed@gmail.com
Call: 82810 09817, 82810 09840, 82810 09828, 94956 05091

## COIR DEVELOPMENT DEPARTMENT AND COIRFED CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS, Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 4 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 5 | Shri. K. Narayanan Kutty, Dy. Registrar Coir Development Dept. | 0471 2322046 | 9846552820 |
| **II** | **Coir Project Offices** | | |
| 1 | Shri.K.J.Prabhakumar, Chirayinkeezh | 0470-2626581 | 9947060707 |
| 2 | Shri.Shaji.G, Kollam | 0474-2793412 | 8547746815 |
| 3 | Shri.Gopakumar.C, Kayamkulam | 0479-2442469 | 8848203103 |
| 4 | Shri.Vinaya Kumar.K.S, Alappuzha | 828109816 | 9747009727 |
| 5 | Smt.Smitha Jacob, Vaikom | 04829-231371 | 9652285952 |
| 6 | Shri.Abdul Nazeer.V.H, North Paravoor | 0484-2442533 | 9446312723 |
| 7 | Shri.B.Gopakumar, Thrissur | 0487-2423047 | 9061480466 |
| 8 | Shri.Basheer.P.A, Ponnani | 0494-2666029 | 8921175388 |
| 9 | Smt.Sindhu.P.R , Kozhikode | 0495-2768460 | 9447543397 |
| 10 | Shri.Muhammed Haneefa.P.T, Kannur | 0497-2705034 | 9400537160 |
| **III** | **Coirfed Head Office** | | |
| 1 | Sri. V.R. Vinod IAS, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. Sunilkumar H., General Manager | 8281009870 | |
| 3 | Smt. Shammi Soman, Finance Manager | | 9633683031 |
| 4 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 5 | Bivin B. Nair, System Analyst | | 6282989943 |
| 6 | Shri. D. Sajeev, Personnel Manager | | 9947562237 |
| 7 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 8 | Shri. Sreevardhan Namboothiri. S Marketing Manager(Y) | 8281009817 | 8850677769 |
| 9 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 10 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 11 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 12 | Shri S. Jayaprakash Regional Officer, Alappuzha | 0477-2246272 | 8281009832 |
| 13 | Shri. R. Anil, Regional Officer, Kollam | 0474-2793543 | 8281009829 |
| 14 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 15 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 16 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 17 | Sri.BabuVijayanath, Depot Manager, Alappuzha | 8281009872 | 9847222027 |
| 18 | Manager, RB Unit | | 9497635914 |
| 19 | Shri. Baburaj, Central Stores Manager | 0477-2242471 | |

# ഓണക്കാല വിൽപനക്ക് വിപുല പദ്ധതികളുമായി കയർഫെഡ്

**ഓ**ണത്തോടനുബന്ധിച്ച് കയർഫെഡിന്റെ വിൽപന വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾക്ക് കയർഫെഡ് ബോർഡ് യോഗം രൂപം നല്കി. കഴിഞ്ഞ രണ്ട് വർഷവും കോവിഡ് മഹാമാരി കച്ചവടത്തെ ബാധിച്ചിരുന്നു. ഇക്കാലയളവിൽ വിപണന സ്റ്റാളുകൾ ഒന്നും തന്നെ ഇല്ലായിരുന്നു. മുൻ വർഷം കേരളത്തിലെ ഷോറൂമുകൾക്ക് നിശ്ചയിച്ച് നൽകിയിരുന്ന സെയിൽസ് ബഡ്ജറ്റ് 5.87 കോടി രൂപയുടേതായിരുന്നു. ഇതിൽ 4.32 കോടി രൂപയുടെ വിൽപനയാണ് നടത്താൻ കഴിഞ്ഞത്.

കയർഫെഡിന്റെ കേരളത്തിന് അകത്തുള്ള ഷോറൂമുകളുടെ ആകെ വിൽപനയുടെ 30%ന് മുകളിൽ നടക്കുന്നത് ഓണക്കാലയളവിലാണ്. ഈ പശ്ചാത്തലത്തിലാണ് വിപുലമായ വിൽപന പദ്ധതികൾക്ക് കയർഫെഡ് ബോർഡ് യോഗം രൂപം നൽകിയത്.

ഓണം പദ്ധതികൾ 2022 ആഗസ്റ്റ് 8-ാം തീയതി മുതൽ 2022 സെപ്തംബർ 30 വരെ കേരളത്തിനകത്തുള്ള ഷോറൂമുകൾ/ഏജൻസികൾ/എക്സിബിഷൻ സ്റ്റാളുകൾ എന്നിവിടങ്ങളിൽ കൂടിയാണ് നടപ്പിലാക്കുക. പദ്ധതിയുടെ ഭാഗമായി ഓണത്തോടനുബന്ധിച്ച് കയറിനു ഒരു കൈത്താങ്ങ് എന്ന പദ്ധതി പ്രകാരം 700 (എഴുന്നൂറ്) രൂപ മുഖവിലയുള്ള തടുക്കുകളുടെയും മറ്റും ഒരു കിറ്റ് തയ്യാറാക്കി 500 (അഞ്ഞൂറ്) രൂപയ്ക്കു വിൽക്കുന്നതിനും കമ്പികാർപ്പെറ്റ് - 2, കൊക്കോഫെർട്ട് - 10 കിലോ, കൊക്കോപോട്ട് - 5 എന്നിവ കിറ്റിൽ ഉൾക്കൊള്ളിക്കും. മറ്റു വിശദാംശങ്ങൾ ചുവടെ,

## പ്രദർശന വിപണന ശാലകൾ

കഴിഞ്ഞ 2 വർഷവും കോവിഡ് മഹാമാരി മൂലം പ്രദർശന വിപണന ശാലകൾ ഒന്നും തന്നെ നടത്തിയിരുന്നില്ല. സ്റ്റാളുകൾ വഴി മുൻകാലങ്ങളിൽ മെച്ചപ്പെട്ട വിൽപ്പന ലഭിക്കാറുണ്ടായിരുന്നു. ഈ വർഷം ഓണത്തിന് ഓരോ ഷോറൂമുകളുടെ കീഴിലും കുറഞ്ഞത് 4 വിപണന സ്റ്റാളുകൾ തുടങ്ങാൻ ആണ് ഉദ്ദേശിക്കുന്നത്. ഓരോ ഷോറൂമിന്റെ കീഴിലും വിപണന ശാലകൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ, പ്രതീക്ഷിക്കുന്ന ചെലവ് എന്നിവ ഹെഡാഫീസിൽ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണ്. കൂടാതെ സർക്കാർ തലത്തിൽ നടത്തുന്ന വിപണന സ്റ്റാളുകളിലും പങ്കെടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

### പ്രാദേശിക പരസ്യങ്ങൾ

ഓണക്കാലത്ത് വിപണനം ത്വരിതപ്പെടുത്തുന്നതിന് പ്രാദേശിക പരസ്യ പ്രചരണങ്ങൾ നൽകേണ്ടതുണ്ട്. അതാത് ഷോറൂമുകൾക്കാവശ്യമുള്ള പ്രാദേശിക പരസ്യ പദ്ധതികൾ ഹെഡാഫീസിൽ അറിയിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതാണ്.

1. ഷോറൂമുകൾക്ക് മുൻവശം വയ്ക്കേണ്ട പരസ്യ ബോർഡിന്റെ സാമ്പിൾ ഹെഡാഫീസിൽ നിന്നും നൽകുന്നതാണ്. ആയത് തയാറാക്കി നിർബന്ധമായും ഷോറൂമിന് മുൻവശം സ്ഥാപിക്കേണ്ടതാണ്.
2. ഷോറൂമിന് ഉൾവശം, ഷോറൂം പരിസരം എന്നിവ വൃത്തിയാക്കുക, അലങ്കാര ദിപങ്ങൾ എന്നിവ തയാറാക്കുക. ചുറ്റുപാടുകൾ വൃത്തിയാക്കുക, പരസ്യ ബോർഡുകൾ സ്ഥാപിക്കുക.
3. പത്രങ്ങൾക്കുള്ളിൽ വച്ച് ഓണം ഓഫർ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള നോട്ടീസ് വിതരണം.
4. പ്രാദേശിക റേഡിയോയിൽ പരസ്യം നൽകുന്നതിനായി ഷോറൂം പരിധിയിലുള്ള പ്രാദേശിക റേഡിയോ സ്റ്റേഷനിൽ നിന്നും നിരക്കുകൾ വാങ്ങുക.
5. ഷോറൂമുകൾക്ക് അതാത് പ്രദേശത്തെ പ്രാദേശികമായി മറ്റെന്തെങ്കിലും പരസ്യങ്ങൾ ചെയ്യുന്നതിനായി പദ്ധതികൾ ഉണ്ടെങ്കിൽ ഹെഡാഫീസിൽ അറിയിക്കുക.

**പട്ടിക -III- സ്വന്തം ഷോറൂമുകളിലൂടെയുള്ള വിൽപ്പന**

*1. റബ്ബറൈസ്ഡ് കയറുൽപ്പന്നങ്ങൾ*

| | | |
|---|---|---|
| 1 | സിത്താര പ്ലസ് | ലിസ്റ്റ് പ്രൈസിൽ നിന്നും 32% ഡിസ്കൗണ്ട് + പില്ലോ |
| 2 | സൂരജ് | ലിസ്റ്റ് പ്രൈസിൽ നിന്നും 32% ഡിസ്കൗണ്ട് + 40870 പി.വി.സി മാറ്റ് 1 എണ്ണം + പില്ലോ |
| 2 | സൂരജ് ഗോൾഡ് | ലിസ്റ്റ് പ്രൈസിൽ നിന്നും 32% ഡിസ്കൗണ്ട് + പില്ലോ + റോൾ അപ് |
| 3 | സ്പ്രിംഗ് മെത്തകൾ | ലിസ്റ്റ് പ്രൈസിൽ 30% ഡിസ്കൗണ്ട് + പില്ലോ + റോൾ അപ് സ്പെഷ്യൽ |
| 4 | സ്റ്റാന്റേർഡ് ബെഡ് | എം.ആർ.പി-യിൽ നിന്നും 50% ഡിസ്കൗണ്ട് (GST Extra) |

| Sl | Slab (Rs) | Discount % |
|---|---|---|
| 01 | Up to 10,000 | 30 |
| 02 | 10,000 to 1,00,000 | 25+10 |

*3.കയറുൽപ്പന്നങ്ങൾ*

| Sl | Slab (Rs) | Discount % |
|---|---|---|
| 01 | Up to 25,000 | 10 + 10 |
| 02 | Above 25,000 | 19 + 5 |

**പട്ടിക IV-ഏജൻസികൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്ന ഡിസ്കൗണ്ട്**

*1.റബ്ബറൈസ്ഡ് കയറുൽപ്പന്നങ്ങൾ*

| Sl | Slab (Rs) | Discount % | |
|---|---|---|---|
| | | ക്യാഷ് & ക്യാരി | ബാങ്ക് ഗ്യാരന്റി |
| 1 | 2,00,000 രൂപ വരെയുള്ള സിത്താരപ്ലസ്, സൂരജ് , സൂരജ് ഗോൾഡ്, സ്പ്രിംഗ് എന്നീ മെത്തകൾക്ക് | 4 35+5+3 | 35+5 |
| 2 | 2,00,000 രൂപയ്ക്കു മുകളിൽ | 35+7+3 | 35+7 |
| 3 | സ്റ്റാന്റേർഡ് മെത്ത | എം.ആർ.പി -യിൽ നിന്നും 53% (GST Extra) | എം.ആർ.പി -യിൽ നിന്നും 50% (GST Extra) |

കൂടാതെ സൂരജ് മെത്തയോടൊപ്പം പി.വി.സി മാറ്റും, സൂരജ് ഗോൾഡ് മെത്തയോടൊപ്പം റോൾ അപ്പും, സ്പ്രിംഗ് മെത്തയോടൊപ്പം റോൾ അപ് സ്പെഷ്യലും നൽകുന്നതിനും തീരുമാനിച്ചു.

റെഡി ക്യാഷിന് ഉത്പന്ന ങ്ങൾ എടുക്കാൻ തയാറുള്ള ബാങ്ക് ഗ്യാരന്റി വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക് നിലവിൽ നൽകുന്ന ഡിസ്കൗണ്ടിന് പുറമെ 3% അധിക ഡിസ്കൗണ്ട് അനുവദിക്കുന്നതാണ്. 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വിൽപനയ്ക്ക് മാത്രം.

## സ്റ്റാന്റേർഡ് മെത്തകൾക്കുള്ള ഓഫർ

പത്ത് സ്റ്റാന്റേർഡ് മെത്തയോ അതിൽ കൂടുതലോ വാങ്ങുന്ന ഇൻസ്റ്റിറ്റ്യൂഷണൽ കസ്റ്റമർ/ഏജൻസികൾ എന്നിവർക്ക് അതേ അളവിലുള്ള 2 സ്റ്റാന്റേർഡ് മെത്തയും, ഇരുപത് സ്റ്റാന്റേർഡ് മെത്ത വാങ്ങുന്ന ഏജൻസികൾക്ക് അതേ അളവിലുള്ള 5 സ്റ്റാന്റേർഡ് മെത്തയും സൗജന്യമായി ലഭിക്കുന്നതാണ്.

സ്കീം പീരീഡിൽ നൽകുന്ന മെത്തകൾക്ക് മാത്രമാണ് കോംപ്ലിമെന്റ് നൽകുന്നത്. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ടി പദ്ധതി ബാധകമായിരിക്കും.

1. ***കയർ ഉൽപ്പന്നങ്ങൾ***

| No | Slab(Rs) | Discount % | |
|---|---|---|---|
| | | ക്യാഷ് & ക്യാരി | ബാങ്ക് ഗ്യാരന്റി |
| 1 | Up to 50,000 | 25 | 22 |
| 2 | Above 50,000 | 26 | 23 |

### ഇൻസ്റ്റിറ്റിയൂഷണൽ സെയിൽസിനുള്ള പദ്ധതി

ഓണം തുടങ്ങിയ ഉത്സവ കാലങ്ങളിൽ ഒറ്റത്തവണ മാത്രം ഷോറൂം മുഖാന്തിരം കൂടുതൽ മെത്തകൾ എടുക്കുന്ന കസ്റ്റമേഴ്സിന് പ്രത്യേക ഡിസ്കൗണ്ട് അനുവദിക്കുന്നത്, ഇത്തരം കസ്റ്റമേഴ്സ് തുടർന്നും ഉത്പന്നം എടുക്കുന്നതിനും വിൽപന വർദ്ധിപ്പിക്കുന്നതിനും സഹായകരമാകും. 50,000/ രൂപയ്ക്ക് മുകളിലുള്ള വിൽപ്പനയ്ക്ക് മാത്രം ബാധകമാണ്.

1 സൂരജ് 32% ഡിസ്കൗണ്ട്

2 സൂരജ് ഗോൾഡ് 33% ഡിസ്കൗണ്ട്

3 സ്റ്റാന്റേർഡ് മെത്ത 10 എണ്ണം വാങ്ങുന്നവർക്ക് 2 സ്റ്റാന്റേർഡ് മെത്ത സൗജന്യം

4 20 എണ്ണം വാങ്ങുന്നവർക്ക് 5 സ്റ്റാന്റേർഡ് മെത്ത സൗജന്യം

### ജീവനക്കാർക്കായുള്ള പദ്ധതി

കയർഫെഡ് ഉത്പന്ന ങ്ങളുടെ പ്രധാന ഉപഭോക്താക്കളാണ് സർക്കാർ ജീവനക്കാർ. അവർക്ക് ഓണക്കാലയളവിൽ പ്രത്യേക ഡിസ്കൗണ്ട് അനുവദിക്കുന്നത് വിൽപന വർദ്ധിപ്പിക്കാൻ സഹായകരമാകും. അതാത് ഷോറൂമുകൾ ഷോറൂം പരിധിയിൽ വരുന്ന മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ സന്ദർശിക്കുകയും കയർഫെഡ് ഉത്പന്നങ്ങളും ഓഫറുകളും സംബന്ധിച്ച നോട്ടീസ് വിതരണം ചെയ്യുന്നതും വിൽപന വർദ്ധിപ്പിക്കാൻ സഹായകരമാകും. ഇവർക്കായി തയാറാക്കിയ പദ്ധതി ചുവടെ ചേർക്കുന്നു. ഈ ഓഫർ ലഭിക്കുന്നതിനായി കസ്റ്റമർ അവരുടെ സ്ഥാപനത്തിന്റെ ഐ.ഡി കാർഡ് ഷോറൂമിൽ നൽകേണ്ടതും ഇതിന്റെ കോപ്പി ബില്ലിൽ ചേർക്കേണ്ടതുമാണ്.

സിത്താര പ്ലസ് ലിസ്റ്റ് പ്രൈസിൽ നിന്നും 35 % ഡിസ്ക്കൗണ്ട് കൂടാതെ 10 കിലോമീറ്റർ ചുറ്റളവിൽ ഉത്പന്നങ്ങൾ സൗജന്യമായി എത്തിച്ച് നൽകുന്നു. പരമാവധി 200/ രൂപ മാത്രം ഈ ഇനത്തിൽ നൽകുകയുള്ളൂ.

| | | |
|---|---|---|
| 1 | സൂരജ് | 32% ഡിസ്കൗണ്ട് |
| 2 | സൂരജ് ഗോൾഡ് | 33% ഡിസ്കൗണ്ട് |
| 3 | സ്റ്റാന്റേർഡ് മെത്ത 10 എണ്ണം വാങ്ങുന്നവർക്ക് | 2 സ്റ്റാന്റേർഡ് മെത്ത സൗജന്യം |
| 4 | 20 എണ്ണം വാങ്ങുന്നവർക്ക് | 5 സ്റ്റാന്റേർഡ് മെത്ത സൗജന്യം |

| | | |
|---|---|---|
| | സിത്താര പ്ലസ് | ലിസ്റ്റ് പ്രൈസിൽ നിന്നും 35 % ഡിസ്ക്കൗണ്ട് കൂടാതെ 10 കിലോമീറ്റർ ചുറ്റളവിൽ ഉൽപ്പന്നങ്ങൾ സൗജന്യമായി എത്തിച്ച് നൽകുന്നു. പരമാവധി 200/- രൂപ മാത്രം ഈ ഇനത്തിൽ നൽകുകയുള്ളൂ. |
| 2 | സൂരജ് | |
| 2 | സൂരജ് ഗോൾഡ് | |
| 3 | സ്പ്രിംഗ് മെത്തകൾ | |

### ഷോറൂം ജീവനക്കാർക്കുള്ള പദ്ധതികൾ

വിൽപ്പനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഷോറൂം ജീവനക്കാർക്കും ഓണക്കാല പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് സ്പെഷ്യൽ ഇൻസെന്റീവ് താഴെപ്പറയുന്ന നിരക്കിൽ നൽകുന്നതാണ്. വിൽപ്പനയിൽ വരുന്ന വർദ്ധനവിന് അടിസ്ഥാനമാക്കി ഷോറൂമുകൾക്ക് സെയിൽസ് കോട്ട തയ്യാറാക്കിയിട്ടുണ്ട്. തയാറാക്കിയ സെയിൽസ് കോട്ട ചുവടെ ചേർക്കുന്നു.

| SL NO: | NAME OF SHOWROOM | Onam Sales 2021 Aug & Sept | BUDGET FOR ONAM 2022 |
|---|---|---|---|
| 1 | Alappuzha | 8412585 | 11500000 |
| 2 | Ananthapuri | 3735357 | 5000000 |
| 3 | Chalakkudy | 1365813 | 2000000 |
| 4 | Chengannur | 2398606 | 3000000 |
| 5 | Ernakulam | 1563562 | 2500000 |
| 6 | Kannur | 645925 | 1500000 |
| 7 | Kayamkulam | 3636183 | 5000000 |
| 8 | Kollam | 4772241 | 6000000 |
| 9 | Kottayam | 26576 | 800000 |
| 10 | Kozhikode | 1762237 | 3000000 |
| 11 | Malappuram | 451409 | 1000000 |
| 12 | Mavelikkara | 1820543 | 2800000 |
| 13 | Nagyarkulangara | 2194798 | 3000000 |
| 14 | Narmada | 852421 | 1500000 |
| 15 | Palakkad | 772498 | 1500000 |
| 16 | Paripally | 2741426 | 3000000 |
| 17 | Pathanamthitta | 710010 | 1500000 |
| 18 | Sulthan Bathery | 539273 | 1000000 |
| 19 | Thirur | 248400 | 500000 |
| 20 | Thrissur | 687750 | 1500000 |
| 21 | Trida | 2563843 | 3500000 |
| 22 | Sreekaryam | 794678 | 1200000 |
| 23 | Cherthala | 572191 | 1000000 |

1. ഓണക്കാലത്ത് ഷോറൂമുകൾക്ക് നൽകിയിരിക്കുന്ന സെയിൽസ് ബഡ്ജറ്റിന്റെ 100% വിൽപന കൈവരിക്കുന്ന ഷോറൂമുകളിലെ മാനേജർമാർക്ക് 3% ഇൻസെന്റീവും (ഡിസ്കൗണ്ട്, ടാക്സ് എന്നിവ ഒഴിച്ചുള്ള തുകയ്ക്ക്) ഷോറൂം അറ്റന്റർമാർക്ക് 2% ഇൻസെന്റീവും നൽകും.

2. 85% വിൽപന കൈവരിക്കുന്ന ഷോറൂമുകളിലെ മാനേജർമാർക്ക് 2% ഇൻസെന്റീവും അറ്റന്റർമാർക്ക്

1.5% ഇൻസെന്റീവും (ഡിസ്കൗണ്ട്, ടാക്സ് എന്നിവ ഒഴിച്ചുള്ള തുകയ്ക്ക്) നൽകും.

3. 70% വിൽപന കൈവരിക്കുന്ന ഷോറൂമുകളിലെ മാനേജർമാർക്കു 1% ഇൻസെന്റീവും അറ്റൻഡർമാർക്കു 0.5% ഇൻസെന്റീവും (ഡിസ്കൗണ്ട്, ടാക്സ് എന്നിവ കഴിച്ചുള്ള തുകയ്ക്ക്) നൽകുന്നതിനു തീരുമാനിച്ചു. സൂരജ് ഗോൾഡ് മെത്തയ്ക്ക് 150 രൂപയും, സ്പ്രിംഗ് മെത്തകൾക്ക് 250 രൂപ വീതവും, കൂടാതെ 10 സൂരജ് ഗോൾഡ് മെത്തയോ അതിൽ കൂടുതലോ വിൽപന നടത്തുന്ന ഷോറൂമുകൾക്ക് 200 രൂപ പ്രകാരവും, 5 സ്പ്രിംഗ് മെത്ത വിൽപ്പന നടത്തുന്ന ഷോറൂമുകൾക്ക് 350 രൂപ പ്രകാരവും ഇൻസെന്റീവ് നൽകും.

4. ഷോറൂമിലൂടെയുള്ള റീട്ടെയിൽ സെയിൽസിനു മാത്രമെ ഈ ഇൻസെന്റീവ് ലഭിക്കുന്നതിനർഹതയുള്ളൂ (ഏജൻസി സെയിൽ, പോലീസ് ക്യാന്റീൻ തുടങ്ങിയവ ഒഴികെ).



# കയർഫെഡ് ഭരണസമിതി തീരുമാനങ്ങൾ

## കയർഫെഡിന് കൊൽക്കത്തയിൽ സ്വന്തം ഷോറൂം

**കൊ**ൽക്കത്തയിൽ സ്വന്തമായി ഷോറൂമെന്ന കയർഫെഡിന്റെ സ്വപ്നം യാഥാർത്ഥ്യമായി. കൊൽക്കത്ത മുൻസിപ്പാലിറ്റിയിലെ 13 ബി, ബിധാൻ സരണി, യൂണിറ്റ് നം.01, വാർഡ് നം.38, കൽക്കത്ത – 700006, എന്ന വിലാസത്തിലുള്ള Amherst street ലെ ബിൽഡിംഗും അത് സ്ഥിതി ചെയ്യുന്ന വസ്തുവുമാണ് ഷോറൂമിനായി മാനേജിംഗ് ഡയറക്ടറുടെ പേരിൽ ഗിഫ്റ്റ് ഡീഡ് ആയി രജിസ്റ്റർ ചെയ്തു വാങ്ങിയത്. കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന കയർവികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് കൽക്കത്ത സന്ദർശിച്ച് സ്ഥലവും കെട്ടിടവും കയർഫെഡിന്റെ പേരിൽ രജിസ്റ്റർ ചെയ്തു വാങ്ങി. 65 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുകയായിരുന്നു കൊൽക്കൊത്ത ഷോറൂം.

## പുതിയ ഏജൻസി ഷോറൂമുകൾ

**ക**യർഫെഡ് നങ്ങ്യാർകുളങ്ങര ഷോറൂമിന്റെ അധീനതയിൽ ആശ.എം., അമ്പാടി ഫർണിച്ചർ മാർട്ട്, മഹാദേവികാട് എന്ന സ്ഥാപനത്തിനും ചെങ്ങന്നൂർ ഷോറൂമിന്റെ അധീനതയിൽ തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലത്ത് സീന. എം.ആർ., എം.ആർ.ഭവൻ, ഒറ്റശേഖരമംഗലം, തിരുവനന്തപുരം എന്നയാൾക്കും ക്യാഷ് ആന്റ് ക്യാരി വ്യവസ്ഥയിൽ കയർഫെഡിന്റെ ഏജൻസി തുടങ്ങുന്നതിനു ബോർഡുയോഗം അനുവാദം നൽകി.

## പരസ്യത്തിന് ഇളവ് നൽകി

**ക**യർ വ്യവസായം മാസികയിൽ പ്രസിദ്ധീകരിക്കുന്ന കയർഫെഡിന്റെ പരസ്യ നിരക്കിൽ ഇളവു നൽകുന്നതു സംബന്ധിച്ച് 12.07.2022 ൽ ചേർന്ന മാസികയുടെ എഡിറ്റോറിയൽ ബോർഡുയോഗം ചർച്ച ചെയ്തു. അംഗീകൃത നിരക്കിൽ പകുതി മാത്രം വാങ്ങി കയർ വ്യവസായം മാസികയിൽ കയർഫെഡിന്റെ തനതു പരസ്യം പ്രസിദ്ധീകരിക്കുന്നതിനു എഡിറ്റോറിയൽ ബോർഡുയോഗം എടുത്ത തീരുമാനത്തിന് അനുമതി നൽകിക്കൊണ്ടു കയർഫെഡ് ബോർഡുയോഗം തീരുമാനം അംഗീകരിച്ചു.

## കയർഫെഡ് ഉത്പന്നങ്ങൾ തവണ വ്യവസ്ഥയിൽ

**സ**ർക്കാർ ഉദ്യോഗസ്ഥർക്ക് തവണ വ്യവസ്ഥയിൽ കയർഫെഡ് ഉത്പന്നങ്ങൾ വിൽപന നടത്തുന്നതിനു ഉത്തരവ് ഇറക്കുവാൻ സർക്കാരിനോട് ശുപാർശ നൽകുന്നതിനു കയർഫെഡ് തീരുമാനിച്ചു. ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് വിപുലമായ പരസ്യം നൽകുന്നതിനും തീരുമാനിച്ചു.

## ഗോഡൗണുകൾ വാടകയ്ക്ക് എടുത്തു

**നി**ലവിൽ കയർ സംഭരിക്കുന്നതിനായി വാടകയ്ക്കെടുത്ത ഗോഡൗണുകൾ എല്ലാം തന്നെ നിറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന എ.എസ്.എം. കയർ സംഭരിക്കുന്നതിനായി ആലപ്പുഴ കലവൂർ ഭാഗത്ത് റിനുഷ് പി. പിള്ളൈ, റിപീഷ് പി. പിള്ളൈ, സൗന്ദരി കെ., തറയിൽ തേജസ് ഭവൻ, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ എന്നിവരുടെ 6,000 സ്ക്വയർ ഫീറ്റ് വരുന്ന ഗോഡൗണും കൊല്ലം റീജിയണൽ ഓഫീസിനു കീഴിൽ Mr.A.K. Fahshin & Mr. A.K.Shehasil, S/o.A.K.Zaman, Chirayil House, Opp.Mathrubhumi, Medayil Junction, Kollam –ന്റെ ഉടമസ്ഥതയിലുള്ള 2,500 സ്ക്വയർ ഫീറ്റ് വരുന്ന ഗോഡൗണും 11 മാസക്കാലയളവിലേയ്ക്ക് വാടകയ്ക്ക് എടുത്തു.

# തൊഴിലുറപ്പ് പ്രവൃത്തികൾക്ക് നിയന്ത്രണം: കേന്ദ്രനടപടി തിരുത്തണമെന്ന് എം.വി. ഗോവിന്ദൻ മാസ്റ്റർ



**പ**ഞ്ചായത്തുകളിലെ തൊഴിലുറപ്പ് പ്രവൃത്തികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയ നടപടി കേന്ദ്ര സർക്കാർ തിരുത്തണമെന്ന് തദ്ദേശ സ്വയം ഭരണ എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ആവശ്യപ്പെട്ടു.


ഒരേസമയം 20 പ്രവൃത്തികൾ മാത്രമേ നടപ്പിലാക്കാവൂ എന്ന ഉത്തരവ് കേരളത്തിന് വലിയ തിരിച്ചടിയാണ്. തീരുമാനം തൊഴിൽ മേഖലയിലും പ്രാദേശിക സാമ്പത്തിക വികസനത്തിലും വലിയ പ്രതിസന്ധി സൃഷ്ടിക്കും. ആവശ്യപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു വർഷം 100 തൊഴിൽ ദിനങ്ങൾ എന്ന തൊഴിലുറപ്പ് പദ്ധതിയുടെ അന്തസത്തക്ക് തന്നെ എതിരാണ് ഈ നിബന്ധന. ഈ നിബന്ധന ഒഴിവാക്കാൻ കേന്ദ്രം തയ്യാറാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു. വിഷയങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര ഗ്രാമവികസനമന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പഞ്ചായത്ത് ഘടനയല്ല കേരളത്തിലേത്. ഇതര സംസ്ഥാനങ്ങളിലെ ഒരു ഗ്രാമപഞ്ചായത്തിന്റെ അത്രയും ജനസംഖ്യ കേരളത്തിലെ ഒരു വാർഡിൽ മാത്രമുണ്ട്. ഇത്തരത്തിലുള്ള 13 മുതൽ 23 വരെ വാർഡുകൾ ഉള്ളവയാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ. ഒരേ സമയം ഒരു വാർഡിൽ തന്നെ ഏറെ പ്രവൃത്തികൾ നടത്തിയാണ് തൊഴിലാളികളുടെ തൊഴിൽ ഡിമാന്റ് കേരളം നിർവഹിക്കുന്നത്. പുതിയ സാഹചര്യത്തിൽ ഒരു വാർഡിൽ ഒരു പ്രവൃത്തി മാത്രമായാൽ പോലും 20 വാർഡുകളിലേ പ്രവൃത്തി നടത്താനാകൂ. പല വാർഡിലും ഒരു പ്രവൃത്തി പോലും നടത്താനാകില്ലെന്ന സ്ഥിതി വന്നാൽ സംസ്ഥാനത്ത് വലിയ തോതിലുള്ള തൊഴിൽ പ്രതിസന്ധി സൃഷ്ടിക്കും.

മെറ്റീരിയൽ കോമ്പണന്റ് കുടിശിക ലഭിച്ചെങ്കിലും ഇപ്പോളും വിഷയത്തിലെ പ്രതിസന്ധി തുടരുകയാണ്. എല്ലാ വിദഗ്ധ-അവിദഗ്ധ തൊഴിലാളികൾക്കും വെൻഡേഴ്സിനും ഇനിയും പണം നൽകാനായിട്ടില്ല. കേന്ദ്രത്തിന്റെ പി.എഫ്.എം.എസ്. ഐ.ഡി. ലഭിക്കുന്നതിനുള്ള കാലതാമസമാണ് ഇതിന് കാരണം. പണം പൂർണമായി വിതരണം ചെയ്യാത്തതിനാൽ, ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതായി വെബ്സൈറ്റിൽ രേഖപ്പെടുത്താനാകുന്നില്ല. പണിപൂർത്തിയായ ഈ പ്രവൃത്തികളും, തുടരുന്ന പദ്ധതികൾ എന്ന പട്ടികയിലാണ് വരുന്നത്. ഫലത്തിൽ, പഞ്ചായത്തിൽ 20 പ്രവൃത്തി എന്ന നിബന്ധന വരുന്നതോടെ പല പഞ്ചായത്തുകളിലും പുതുതായി ഒരു പദ്ധതി പോലും ഏറ്റെടുക്കാനാകാത്ത സ്ഥിതി സംജാതമായിരിക്കുകയാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ രാജ്യത്ത് ഒന്നാമത് നിൽക്കുന്ന കേരളത്തിന്റെ സാഹചര്യങ്ങൾ പരിഗണിക്കാതെയുള്ള നിബന്ധനകൾ സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിനെ ഗുരുതരമായി ബാധിക്കും. കോവിഡ് പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ശ്രമിക്കുന്ന പ്രാദേശിക സാമ്പത്തിക രംഗത്തിന് തീരുമാനം വലിയ തിരിച്ചടിയാണ്. തൊഴിലുറപ്പ് തൊഴിലാളികളെ പ്രതിസന്ധിയിലാക്കുന്ന തീരുമാനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിൻമാറണമെന്ന് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ആവശ്യപ്പെട്ടു.

# ഡോ. എസ്. വിജയൻ പിള്ള കെൽട്രോൺ ടെക്നിക്കൽ ഡയറക്ടർ



**കെ**ൽട്രോൺ ടെക്നിക്കൽ ഡയറക്ടറായി ഡോ. എസ്. വിജയൻ പിള്ളയെ നിയമിച്ചു. കേന്ദ്ര പ്രതിരോധ സ്ഥാപനമായ എൻ.പി.ഒ.എൽ മുൻ ഡയറക്ടറാണ് ഡോ. എസ്. വിജയൻ പിള്ള. പ്രതിരോധമേഖലയുമായി ബന്ധപ്പെട്ട കെൽട്രോൺ പദ്ധതികളുടെ മേൽനോട്ടവും ഏകോപനവുമാണ് അദ്ദേഹത്തിന്റെ ചുമതല.

നാവിക സേനയുമായി ബന്ധപ്പെട്ട നിരവധി പദ്ധതികൾക്ക് നേതൃത്വം നൽകിയതിന്റെ പരിചയസമ്പത്തുമായാണ് വിജയൻപിള്ള കെൽട്രോണിന്റെ ഭാഗമാകുന്നത്. സോണാർ സിസ്റ്റം ഉൾപ്പെടെ നാവിക സേനയുടെ നിരവധി ഡിസൈൻ പദ്ധതികളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. അന്തർ വാഹിനികൾ, നാവിക കപ്പലുകൾ എന്നിവയുമായി ബന്ധപ്പെട്ട സോണാർ പദ്ധതികളുടെ നിർവഹണത്തിൽ 34 വർഷത്തെ പരിചയമാണ് അദ്ദേഹത്തിനുള്ളത്. കെൽട്രോൺ ഏറ്റെടുത്തിട്ടുള്ള പ്രതിരോധ പദ്ധതികളുടെ സാങ്കേതിക മേൽനോട്ടവും സമയബന്ധിതമായ പൂർത്തീകരണവും, വാർഷിക പരിപാലന കരാറുകളുടെ നിർവഹണം, നിലവിലുള്ള ഉപകരണങ്ങളുടെ ആധുനീകരണം, അർധ സൈനിക വിഭാഗങ്ങൾ, പോലീസ് തുടങ്ങിയ വിഭാഗങ്ങളുമായുള്ള ഏകോപനം, പ്രതിരോധ മേഖലയിലെ ഡി.ആർ.ഡി.ഒ. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായുള്ള ഏകോപനം എന്നിവക്ക് വിജയൻ പിള്ള മേൽ നോട്ടം വഹിക്കും. കെൽട്രോണിന്റെ ഭാവി വികസനത്തിൽ വിജയൻപിള്ളയുടെ പങ്ക് ഏറെ പ്രയോജനകരമാകും എന്ന് ഉറപ്പുണ്ട്.

# ബാഡ്മിന്റൻ താരം പി.വി. സിന്ധുവിനെ അഭിനന്ദിച്ചു

കോമൺവെൽത്ത് ഗെയിംസിൽ സ്വർണം നേടിയ ഷട്ടിൽ താരം പി.വി. സിന്ധുവിനെ സംസ്ഥാന വ്യവസായ കയർ മന്ത്രി പി. രാജീവ് അഭിനന്ദിച്ചു. തുടർച്ചയായി രണ്ടു തവണ ഒളിംപിക് മെഡൽ ജേതാവും ലോക ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പും നേടിയ ഏക ഇന്ത്യക്കാരിയായ സിന്ധു തന്റെ കരിയറിലെ ആദ്യ കോമൺവെൽത്ത് സ്വർണവും നേടിയിരിക്കുന്നു.

രാജ്യത്തിന്റെ അഭിമാനമായ ഷട്ടിൽ ബാഡ്മിന്റൺ രംഗത്തെ പ്രതിഭയ്ക്ക് ഒരിക്കൽ കൂടി അഭിനന്ദനങ്ങൾ എന്നും മന്ത്രി ഫെയ്സ്ബുക്ക് പോസ്റ്റിൽ കുറിച്ചു. കഴിഞ്ഞ ഡിസംബറിൽ കൊച്ചിയിൽ നടന്ന ഒരു ചടങ്ങിൽ ഒന്നിച്ച് പങ്കെടുത്ത വേളയിൽ കേരളത്തെക്കുറിച്ച് അവർ പറഞ്ഞ നല്ലവാക്കുകളും ഒളിമ്പിക്സ് കളിക്കുന്നതിനുപയോഗിച്ച ഷട്ടിൽ ബാറ്റ് തനിക്ക് കൈമാറിയതും സന്തോഷത്തോടെ ഓർക്കുന്നതായും. കൂടുതൽ വിജയങ്ങൾ കൈവരിച്ച് കൂടുതൽ ഉയരങ്ങൾ കീഴടക്കാൻ സിന്ധുവിന് കഴിയട്ടെയെന്നും മന്ത്രി ആശംസിച്ചു.




# സഹകരണ ബാങ്കുകളുടെ സഞ്ചിത നിധി രൂപീകരിക്കും: മന്ത്രി വി.എൻ. വാസവൻ

സഹകരണ ബാങ്കുകളുടെ സഞ്ചിതനിധി രൂപീകരിക്കുമെന്ന് സഹകരണ മന്ത്രി വി.എൻ. വാസവൻ. സംസ്ഥാനത്തെ ഏതാനും സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി ശക്തമായ ഇടപെടൽ നടത്താൻ സർക്കാർ തയാറാക്കിയ പദ്ധതിയുടെ ഭാഗമായാണിതെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

നിക്ഷേപം തിരിച്ചു നൽകുവാൻ ബുദ്ധിമുട്ട് നേരിടുന്ന സഹകരണ ബാങ്കുകളെ സഹായിക്കുക വഴി സഹകരണ മേഖലയിലെ നിക്ഷേപം നഷ്ടപ്പെടാതിരിക്കാനും ഈ സ്ഥാപനങ്ങളെ മികവുറ്റവതാക്കാനുമുള്ള കർമ്മപരിപാടിയാണ് നടപ്പിലാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. നിക്ഷേപം തിരിച്ചു നൽകാൻ കഴിയാതെ പ്രതിസന്ധിയിലായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും പ്രതിസന്ധി ഉടനടി പരിഹരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ലക്ഷ്യമിട്ടാണ് കൃത്യമായ വ്യവസ്ഥകളോടെ പദ്ധതി തയാറാക്കിയിരിക്കുന്നത്. പ്രതിസന്ധിയിൽപ്പെട്ട സ്ഥാപനങ്ങളെ ഓരോന്നായി എടുത്ത് പഠനം നടത്തി പോരായ്മകൾ കണ്ടെത്തി പരിഹരിക്കും. അഭിലഷണീയ പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി സ്വീകരിക്കും. ഇതിനാവശ്യമായ നിയമ ഭേദഗതി സമഗ്ര നിയമത്തിൽ ഉൾപ്പെടുത്തും.

പ്രതിസന്ധിയിൽപ്പെട്ട സംഘങ്ങളെ സർക്കാർ ഇടപെട്ട് കൃത്യമായ രൂപരേഖ തയാറാക്കി മികവുറ്റ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കുക. ഇതിനായാണ് സഞ്ചിത നിധി രൂപീകരിക്കുന്നത്. ഇതോടൊപ്പം നിലവിലുള്ള ഡിപ്പോസിറ്റ് ഗ്യാരന്റി ബോർഡിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തി



പ്രതിസന്ധിയിൽപ്പെട്ട സഹകരണ ബാങ്കുകളെ സഹായിക്കുകയും ചെയ്യും. ഭാവിയിൽ കേരളത്തിലെ ഒരു സഹകരണ സ്ഥാപനവും തകർച്ചയിലേക്ക് വഴുതിപ്പോകാത്ത തരത്തിലുള്ള വ്യവസ്ഥകളാണ് തയാറാക്കിയിരിക്കുന്നത്. ഇതിനായി സഹകരണ നിയമത്തിലും, ചട്ടത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തും. സഹകരണ മേഖലയിലെ നിക്ഷേപവും, നിക്ഷേപകരുടെയും സഹകാരികളുടെയും താല്പര്യങ്ങൾ സംരക്ഷിക്കേണ്ട ബാധ്യത പൂർണമായും സർക്കാർ ഉറപ്പുവരുത്തും.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ മിച്ചധനവും, കരുതൽ ധനവും പൊതുധാരണയുടെ അടിസ്ഥാനത്തിൽ സ്വരൂപിച്ചാണ് സഞ്ചിത നിധി രൂപീകരിക്കുന്നത്. ഇതിലേക്കായി സഹകരണ ചട്ടത്തിൽ

ആവശ്യമായ ഭേദഗതി വരുത്തും. സംഘങ്ങളുടെ സഹകരണത്തോടെ രൂപീകരിക്കുന്ന സഹകരണ സംരക്ഷണ നിധി, കേരളത്തിലെ സഹകരണ മേഖല യുടെ പൊതുവായ വികസനത്തിനും, പ്രതിസന്ധിയി ലായതും, പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമെന്ന് ഉത്തമ ബോധ്യമുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രതിസന്ധി തരണം ചെയ്യുന്നതിനാ യും ഉപയോഗിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

നിധിയിലേക്ക് ലഭ്യമാകുന്ന തുകയ്ക്ക് സംഘ ങ്ങൾക്ക് നിലവിൽ ലഭിക്കുന്ന പലിശ വരുമാനം ഉറപ്പുവരുത്തും. നിധിയിലേക്ക് മുതൽക്കൂട്ടുന്ന തുക ഒരു നിശ്ചിത കാലപരിധിയ്ക്ക് ശേഷമോ സംഘങ്ങൾ ക്ക് അടിയന്തിര സാഹചര്യം ഉണ്ടാകുമ്പോഴോ പലിശ യടക്കം തിരികെ നൽകുന്നതിനും വ്യവസ്ഥ ചെയ്യും. ഇതിലേക്കായി വിശദമായ സ്കീം തയാറാക്കും.

നിധിയിൽ നിന്നും വിനിയോഗിക്കുന്ന തുകയുടെ വിനിയോഗവും തിരിച്ചടവും ഉറപ്പുവരുത്തുന്നതിനായി സംഘം തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കും. ഇത്തരത്തിലുള്ള കമ്മിറ്റികളിൽ സഹകാരികൾ, വകു പ്പ് ഉദ്യോഗസ്ഥർ, കേരള ബാങ്ക് ഉദ്യോഗസ്ഥർ, സർ ക്കിൾ സഹകരണ യൂണിയൻ പ്രതിനിധി, സംസ്ഥാന സഹകരണ യൂണിയൻ പ്രതിനിധി, സാങ്കേതിക വിദ ഗ്ദ്ധർ തുടങ്ങിയവരെ ഉൾപ്പെടുത്തും.

കുറഞ്ഞത് 500 കോടി രൂപ സഞ്ചിത നിധിയിലേ ക്ക് സംഭരിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലുള്ള നിക്ഷേപ ഗ്യാരന്റി ബോ ർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് തീരു മാനിച്ചിട്ടുണ്ട്. നിലവിൽ നിക്ഷേപകർക്ക് പരമാവധി 2 ലക്ഷം രൂപ വരെയുള്ള പരിരക്ഷയാണ് നിക്ഷേപ ഗ്യാ രന്റി ബോർഡിലൂടെ ലഭ്യമാക്കുന്നത്. സംഘം ലിക്വി ഡേറ്റ് ചെയ്യുന്ന സാഹചര്യത്തിൽ മാത്രമാണ് ഇത്തര ത്തിൽ തുക നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ വ്യവസ്ഥയിൽ മാറ്റം വരുത്തി പ്രതിസന്ധി ഘട്ട ങ്ങളിൽ 5 ലക്ഷം രൂപവരെയുള്ള നിക്ഷേപം നിക്ഷേ പകർക്ക് തിരികെ ലഭ്യമാക്കുന്ന തരത്തിൽ നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തു മെന്നും മന്ത്രി പറഞ്ഞു.

# ഖാദി ഉത്പന്നങ്ങൾക്കു ജി.എസ്.ടി. ഒഴിവാക്കണം

## • ഖാദി ബോർഡ് വൈസ് ചെയർമാൻ പ്രധാനമന്ത്രിക്കു കത്തയച്ചു

**ഖാ**ദിയിൽ ഉത്പാദിപ്പിക്കുന്ന റെഡിമെയ്ഡ് ഉത്പ ന്നങ്ങൾക്കു ജി.എസ്.ടി ഒഴിവാക്കണമെന്നാവശ്യപ്പെട്ടു ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ പ്രധാനമന്ത്രിക്കു കത്തയച്ചു. കേന്ദ്ര സർക്കാരിനു കീഴിലെ സർക്കാർ, പൊതുമേഖലാ ജീവനക്കരും ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രം ധരിക്കണമെന്ന് നിർദേശം നൽകണമെന്നും അദ്ദേഹം കത്തിൽ ആവ ശ്യപ്പെട്ടു.

നിലവിൽ 1000 രൂപയ്ക്കുള്ള ഖാദി റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് അഞ്ചു ശതമാനവും അതിനുമുക ളിൽ 12 ശതമാനവുമാണു ജി.എസ്.ടി നിരക്ക്. ഖാദി റെഡിമെയ്ഡ് വസ്ത്രങ്ങൾ ജി.എസ്.ടി പരിധിയിൽ ഉൾപ്പെടുത്തിയതോടെ വൻ വില വർധനവാണ് ഉണ്ടാ യിരിക്കുന്നത്. ഇതു പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പരുത്തിയുടെ വില വർധനവും ഖാദി മേഖലക്ക് തിരി ച്ചടിയായി.

ഖാദി കമ്മീഷൻ സബ്സിഡി നിരക്കിൽ പരു ത്തി അനുവദിക്കണം. ദേശീയ പതാക എല്ലാ തുണി കളിലും നിർമിക്കാൻ അനുമതി നൽകിയ ഉത്തരവ് പുനഃപരിശോധിക്കണം. ദേശീയ പതാക നിർമിക്കാൻ അംഗീകൃത ഖാദി സ്ഥാപനങ്ങൾക്ക് മാത്രം ചുമതല നൽകണം. ആസാദീ കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി ഖാദി മേഖലയെ പ്രോത്സാഹിപ്പിച്ചു സംര ക്ഷിക്കണമെന്നും കത്തിൽ ചെയർമാൻ ആവശ്യപ്പെട്ടു.

# സംസ്ഥാന കർഷക അവാർഡ് ജയറാമിന്

## • പത്മശ്രീയെക്കാളും സന്തോഷം നൽകുന്ന പുരസ്ക്കാരമെന്ന് ജയറാം

**പ**ത്മശ്രീ ലഭിച്ച നിമിഷത്തിനുമപ്പുറമുള്ള സന്തോ ഷവും അഭിമാനവും തോന്നുകയാണെന്ന് സംസ്ഥാന കർഷക അവാർഡ് സ്വീകരിച്ചുകൊണ്ട് നടൻ ജയറാം അഭിപ്രായപ്പെട്ടു. അഭിനയത്തോടൊപ്പം കൃഷി എന്നത് തീർത്തും സ്വകാര്യമായ പരിശ്രമമായിരുന്നു. ചെന്നൈ യിൽ താമസിക്കുമ്പോൾ 25 വർഷത്തിനു മുൻപ് തന്നെ നൂറുമേനി വിളവ് നേടാൻ കഴിഞ്ഞു. പെരുമ്പാ വൂരിലെ കൂവപ്പടി ഗ്രാമത്തിൽ എട്ടേക്കറുള്ള കുടുംബ സ്വത്തായി ലഭിച്ച ഭൂമിയിലാണ് ഇപ്പോൾ കൃഷി ചെയ്യു ന്നത്. പ്രളയത്തിൽ ഫാം മൊത്തമായി നശിച്ചിരുന്നു. കണ്ണുനീരോടെ അത് കാണേണ്ടിവന്ന അവസ്ഥ പറ ഞ്ഞറിയിക്കാൻ കഴിയുന്നതല്ല. ഉള്ളിൽ യഥാർത്ഥമായ ഒരു കർഷകൻ ഉണ്ട് എന്നുള്ളത് കൊണ്ടാണ് കുറ ഞ്ഞ സമയത്തിനുള്ളിൽ വീണ്ടും ആ ഫാം പുനർ നിർമിക്കാൻ കഴിഞ്ഞത്.

ഇവിടെ എത്തിച്ചേർന്നിരിക്കുന്ന കർഷകർക്ക് മു ന്നിൽ തന്റെ സംഭാവന വളരെ ചെറുതാണെന്ന് തിരി ച്ചറിയുന്നുണ്ട്. എന്നാൽ ഈ അംഗീകാരം കൂടുതൽ



പേർക്ക് കൃഷിയിലേക്ക് എത്തുന്നതിനുള്ള പ്രചോദനം ആകുന്നുവെങ്കിൽ അതായിരിക്കും ഏറ്റവും കൂടുതൽ ചാരിതാർഥ്യം നൽകുന്നതെന്ന് ജയറാം പറഞ്ഞു. ചട ങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ജയറാമിനെ പൊന്നാട അണിയിച്ചു. വിവിധ വിഭാഗങ്ങളിലെ കർഷക അവാർഡുകൾ മുഖ്യമന്ത്രി സമ്മാനിച്ചു.

# പതിനാലാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്ര മേള

## • ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം റീന മോഹന്




**കേ**രള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ച പതിനാലാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്ര മേള (ഐ.ഡി.എസ്.എഫ്.എഫ്.കെ) തിരുവനന്തപുരത്ത് നടന്നു. കൈരളി, ശ്രീ, നിള തിയേറ്ററുകളിലാണ് മേള നടന്നത്. കൈരളി തിയേറ്ററിൽ നടന്ന ചടങ്ങിൽ സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ രണ്ട് ലക്ഷം രൂപയും മെമെന്റോയും ശിലാഫലകവുമടങ്ങുന്ന ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ഡോക്യുമെന്ററി സംവിധായകയും എഡിറ്ററുമായ റീന മോഹന് മുഖ്യമന്ത്രി സമ്മാനിച്ചു.

ഒരു വ്യാഴവട്ടത്തിലേറെയായി ഡോക്യുമെന്ററി, എഡിറ്റിംഗ്, ക്യൂറേറ്റിംഗ് രംഗങ്ങളിൽ പ്രവർത്തിക്കുന്ന തനിക്ക് ലഭിച്ച പുരസ്ക്കാരം സിനിമയിലെ അറിയപ്പെടാത്ത വനിതാ കലാകാരൻമാർക്ക് സമർപ്പിക്കുന്നതായി റീന മോഹൻ മറുപടി പ്രസംഗത്തിൽ പറഞ്ഞു. സിനിമയിലെ വനിതാ എഡിറ്റർമാർക്കും സിനിമയുടെ ഇതര മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കും കേരളത്തിലെ വിമൻ ഇൻ സിനിമാ കളക്ടീവിനുമായി (ഡബ്ല്യു.സി.സി) പുരസ്ക്കാരം സമർപ്പിക്കുന്നതായി റീന പറഞ്ഞു. ഡോക്യുമെന്ററി-ഹ്രസ്വ ചിത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കേരള സർക്കാറിന്റെ നടപടികളെ അവർ അഭിനന്ദിച്ചു.

ചടങ്ങിന് ശേഷം ഉദ്ഘാടന ചിത്രമായ മാരിയുപോളിസ് 2 പ്രദർശിപ്പിച്ചു. ഉക്രൈൻ യുദ്ധത്തിന്റെ സംഘർഷ കാഴ്ചകൾ പകർത്തിയ ചിത്രത്തിന്റെ ഷൂട്ടിംഗിനിടെ സംവിധായകൻ മൻതാസ് ക്വെദാരാവിഷ്യസ് യുദ്ധത്തിൽ കൊല്ലപ്പെട്ടിരുന്നു. മരിയുപോൾ എന്ന യുദ്ധകലുഷിതമായ ഉക്രൈൻ നഗരത്തിലെ ജനജീവിതത്തിന്റെ ദുരിതവും സഹനങ്ങളും വരച്ചുകാട്ടുന്നതാണ് ചിത്രം.

44 രാജ്യങ്ങളിൽ നിന്നുള്ള 261 സിനിമകളാണ് മേളയിൽ പ്രദർശിപ്പിച്ചത്. 1200 ലേറെ പ്രതിനിധികളും ചലച്ചിത്രപ്രവർത്തകരായ 250 ഓളം അതിഥികളും പങ്കെടുത്തു. ലോംഗ് ഡോക്യുമെന്ററി, ഷോർട്ട് ഡോക്യുമെന്ററി, ഷോർട്ട് ഫിക്ഷൻ, കാമ്പസ് ഫിലിംസ് എന്നിവയാണ് മേളയിലെ മത്സര വിഭാഗങ്ങൾ. മത്സര വിഭാഗത്തിൽ 69 ചിത്രങ്ങളാണുള്ളത്. മത്സരേതര വിഭാഗത്തിൽ മലയാളത്തിൽ നിന്നും ഇതര ഭാഷകളിൽ നിന്നുമുള്ള ചിത്രങ്ങൾ ഉൾപ്പെടുത്തിയിരുന്നു. അന്താരാഷ്ട്ര വിഭാഗത്തിൽ 56 ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. ബെസ്റ്റ് ഓഫ് ദി വേൾഡ് വിഭാഗത്തിൽ വിവിധ അന്താരാഷ്ട്ര മേളകളിൽ അംഗീകാരങ്ങൾ നേടിയ 19 സിനിമകൾ പ്രദർശിപ്പിച്ചു.

ഇന്ത്യൻ വനിതാ സംവിധായകർ ഐ ഫോൺ ഉപയോഗിച്ച് ചിത്രീകരിച്ച സിനിമകളുടെ പാക്കേജ് ആയ ഐ-ടേയ്ൽസ് ആയിരുന്നു മറ്റൊരു ആകർഷണം. ആർ.പി അമുദൻ ക്യൂറേറ്റ് ചെയ്ത എൻഡേഞ്ചേഡ് ബട്ട് റെസീല്യന്റ് എന്ന പാക്കേജ്, ഫെർണാണ്ടോ സൊളാനസിന്റെ അവസാന ചിത്രം, തർക്കോവ്സ്കിയെക്കുറിച്ച് മകൻ സംവിധാനം ചെയ്ത ഡോകുമെന്ററി എന്നിവ മേളയുടെ മാറ്റ് കൂട്ടി.

മികച്ച ലോംഗ് ഡോക്യുമെന്ററിക്ക് രണ്ട് ലക്ഷം രൂപയും ഷോർട്ട് ഡോക്യുമെന്ററിക്ക് ഒരു ലക്ഷം രൂപയുമാണ് സമ്മാനത്തുക. മികച്ച ഹ്രസ്വചിത്രത്തിന് രണ്ട് ലക്ഷം രൂപ. കേരളത്തിൽ നിർമിച്ച മികച്ച ക്യാമ്പസ് ചിത്രത്തിന് അര ലക്ഷമാണ് സമ്മാനം.

ഉദ്ഘാടന ചടങ്ങിൽ സാംസ്കാരിക മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ചു. ഫെസ്റ്റിവെൽ ബുക്ക് ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ. കരുണിന് നൽകി മന്ത്രി ആന്റണി രാജു പ്രകാശനം ചെയ്തു.

ദിവസേനയുള്ള ബുള്ളറ്റിൻ മേയർ ആര്യ രാജേന്ദ്രന് നൽകി മന്ത്രി ജി. ആർ അനിൽ പ്രകാശനം നിർവഹിച്ചു.സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്ത്, വൈസ് ചെയർമാൻ പ്രേംകുമാർ, സെക്രട്ടറി സി. അജോയ്, നടൻ മധുപാൽ തുടങ്ങിയവർ പങ്കെടുത്തു.

# ആലിയാട് ജി. മാധവൻപിള്ള സ്മാരക പുരസ്കാരം ആനത്തലവട്ടം ആനന്ദന്



*ആലിയാട് ജി. മാധവൻപിള്ള സ്മാരകപുരസ്കാരം ആനത്തലവട്ടം ആനന്ദന് സി.പി.എം. ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ സമ്മാനിക്കുന്നു.*

**സി.**പി.എം. ജില്ലാ സെക്രട്ടറിയറ്റ് അംഗവും വെഞ്ഞാറമൂട് ഏരിയ സെക്രട്ടറിയുമായിരുന്ന ആലിയാട് ജി. മാധവൻപിള്ളിയുടെ സ്മരണക്കായി ഏർപ്പെടുത്തിയ ആലിയാട് ജി. മാധവൻപിള്ള സ്മാരക പുരസ്കാരം സി.ഐ.ടി.യു. സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദന്. മാധവൻ പിള്ളയുടെ 16-ാം ചരമവാർഷികത്തോടനുബന്ധിച്ച് ആലിയാട് സ്മൃതി മണ്ഡപത്തിൽ സംഘടിപ്പിച്ച അനുസ്മരണയോഗത്തിൽ സി.പി.എം. ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ പുരസ്കാരദാനം നിർവഹിച്ചു.

സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് എൻ.കൃഷ്ണൻ നായർ അധ്യക്ഷനായി. പുരസ്ക്കാരത്തിന്റെ ഭാഗമായി ലഭിച്ച തുക ഇ.കെ. നായനാർ ചാരിറ്റബിൾ ട്രസ്റ്റിന് ആനത്തലവട്ടം കൈമാറി. സി.പി.എം. ഏരിയ സെക്രട്ടറി ഇ.എ. സലിം, ആർ. രമേശൻ നായർ, ബി. ബാലചന്ദ്രൻ, പി.ജി. സുധീർ, ജി. രാജേന്ദ്രൻ, എം.എസ്. രാജു, കെ.സജീവ്, എം.എസ്. ശ്രീവത്സൻ, അഡ്വ. എൻ. സായികുമാർ തുടങ്ങിയവർ സംസാരിച്ചു.

# കയർഫെഡ് ജനറൽ മാനേജരെ ഡപ്യൂട്ടേഷനിൽ നിയമിക്കും

**ക**യർഫെഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി ജനറൽ മാനേജർ, ജനറൽ മാനേജർ (പ്രോജക്ട്സ്) എന്നീ തസ്തികകളിലേയ്ക്ക് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിൽ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് 2 അപേക്ഷയും ജനറൽ മാനേജർ (പ്രോജക്ട്സ്) തസ്തിക യിലേയ്ക്ക് അപേക്ഷകളൊന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് ഇന്റർവ്യൂ നടത്തുന്നതിനു കയർ വികസന ഡയറക്ടർ, അഡീഷണൽ കയർ വികസന ഡയറക്ടർ, അഡ്വ. എൻ. സായികുമാർ പ്രസിഡന്റ്, ജോഷി എബ്രഹാം, വൈസ് പ്രസിഡന്റ്, എസ്.എൽ. സജികുമാർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എന്നിവരടങ്ങുന്ന ഒരു ഇന്റർവ്യൂ ബോർഡ് രൂപീകരിക്കുന്നതിനു ഭരണയമിതിയോഗം തീരുമാനിച്ചു.

14.09.2022-നു രാവിലെ 10.30-നു കയർ വികസന ഡയറക്ടറുടെ ആഫീസിൽ വെച്ച് ഇന്റർവ്യൂ നടത്തുന്നതിനും തീരുമാനിച്ചു.

# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**

# കയർ ഉത്പന്നങ്ങൾ തവണവ്യവസ്ഥയിൽ: സർക്കാർ ഉത്തരവായി

സ.ഉ.(സാധാ) നം.950/2022/ID

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം- 2022 ഓണക്കാലത്തോടനുബന്ധിച്ച് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയർ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും കയർ ഉൽപ്പന്നങ്ങൾ തവണ വ്യവസ്ഥയിൽ വിപണനം നടത്തുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ(ഇ) വകുപ്പ്

സ.ഉ.(സാധാ) നം.950/2022/ID തീയതി,തിരുവനന്തപുരം, 30-08-2022

---

പരാമർശം:- 1. കയർ വികസന ഡയറക്ടറുടെ 29/8/2022 - ലെ സി.പി.6/1837 /2022 /ഡി സി ഡി നം..കത്ത്.

**ഉത്തരവ്**

2022 ഓണക്കാലത്തോടനുബന്ധിച്ച് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയർഫെഡ് , കേരളാ സ്റ്റേറ്റ് കയർകോർപ്പറേഷൻ, ഫോം മാറ്റിംഗ്സ്(ഇന്ത്യ) ലിമിറ്റഡ് എന്നീ കയർ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കയർ ഉൽപന്നങ്ങൾ തവണ വ്യവസ്ഥയിൽ വിപണനം നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പരമാവധി 25,000/- രൂപയുടെ ഉൽപ്പന്നങ്ങൾ ഒരു ജീവനക്കാരന് വാങ്ങാവുന്നതാണ്. (റിബേറ്റ് / ഡിസ്കൗണ്ട് ഒഴിവാക്കി)
2. തവണ വ്യവസ്ഥയ്ക്കാവശ്യമായ ഇൻഡന്റ് ഓരോ സ്ഥാപനവും സർക്കാർ ഓഫീസുകൾക്ക് നല്കേണ്ടതാണ്.
3. കയർഫെഡ് ,കേരളാ സ്റ്റേറ്റ് കയർകോർപ്പറേഷൻ, ഫോം മാറ്റിംഗ്സ്(ഇന്ത്യ) ലിമിറ്റഡ് എന്നീ മൂന്ന് സ്ഥാപനങ്ങളും ഒരേ മാതൃകയിൽ ഇൻഡന്റ് ഫോറവും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി കയർ വികസന ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്.
4. ബന്ധപ്പെട്ട ശമ്പള വിതരണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നല്കുന്ന പ്രകാരമാണ് സ്ഥാപനങ്ങൾ ഉൽപന്നങ്ങൾ നല്കേണ്ടത്.
5. ഉൽപ്പന്നങ്ങൾ വാങ്ങിയതിന്റെ വില (സ്ഥാപനങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങിയതിന്റെ സ്ഥിതീകരണം ലഭിക്കുമ്പോൾ) അടുത്തമാസം മുതൽ പരമാവധി അഞ്ച് തവണകളായി തുക ശമ്പളവിതരണ ഉദ്യോഗസ്ഥൻ കിഴിവ് ചെയ്ത് ബന്ധപ്പെട്ട സ്ഥാപനത്തിന് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
അണ്ടർ സെക്രട്ടറി



റെജിമോൾ റഫീഖ്



# ഹൃദയ സുന്ദരി 2

സത്യം പറഞ്ഞാൽ, കരിങ്കറുപ്പുള്ള നിന്നെ ഞാൻ ഇഷ്ടപ്പെട്ടിരുന്നത് നിന്റെ വീട്ടിലെ സമ്പത്ത് കണ്ടിട്ടായിരുന്നു. ഇപ്പോ കാൽക്കാശിന് വകയില്ലാത്ത നീ എന്റെ മുന്നിൽ വന്നിങ്ങനെ നിൽക്കുമ്പോൾ...'' ഭൂമി പിളർന്ന് താൻ താഴേയ്ക്ക് താഴേക്ക് പോകുന്നതായി അലീനക്ക് തോന്നി. അയാളുടെ വാക്കുകൾ ആയിരം മുനയുള്ള ശൂലം പോലെ അവളുടെ ആത്മാഭിമാനത്തിലേക്ക് ആഴ്ന്നാഴ്ന്നിറങ്ങി. പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ വീട്ടിലേക്കോടി, വാതിൽ ചാരി കട്ടിലിലേക്ക് വീണു.

ആഗ്രഹങ്ങളും സ്വപ്നങ്ങളും കൊഴിഞ്ഞ് ജീവച്ഛവമായി ഇങ്ങനെ കഴിയുന്നതിനേക്കാൾ നല്ലത് ഈ ജീവിതം തന്നെ  ഇല്ലാതാക്കുകയാണെന്ന് പലകുറി അവൾ ചിന്തിച്ചു. പക്ഷേ, വിധി അവൾക്കു വേണ്ടി മറ്റു ചിലതുകൂടി കരുതിവെച്ചിട്ടുണ്ടായിരുന്നു.

ദിവസങ്ങൾ കടന്നുപോകെ, തൊട്ടടുത്ത ഗ്രാമത്തിൽ നിന്ന് വിവാഹാലോചനയുമയി ഒരുകൂട്ടരെത്തി. അവളെ എങ്ങനെയും അവിടെ നിന്ന് ഒഴിവാക്കണമെന്ന് ആഗ്രഹിച്ചിരുന്ന ആങ്ങളയും നാത്തൂനും വീണുകിട്ടിയ അവസരം യഥാവിധി ഉപയോഗിച്ചു. മുൻപിൻ നോക്കാതെ അവരാ കല്യാണം ഉറപ്പിച്ചു. വഴങ്ങുകയല്ലാതെ അവൾക്ക് മറ്റ് മാർഗം ഉണ്ടായിരുന്നില്ല. അല്ലെങ്കിൽത്തന്നെ ആർക്കു വേണ്ടിയും ഒന്നിനു വേണ്ടിയും കാത്തിരിക്കാനില്ലാത്ത അവളുടെ ജീവിതം എങ്ങോട്ടൊഴുകിയാലെന്ത്?

അങ്ങനെ ആ ദിവസം വന്നെത്തി, വിവാഹദിനം. കൗമാരം മുതൽ എന്തെല്ലാം സ്വപ്നങ്ങളായിരുന്നു ഈ ദിനത്തെ ചുറ്റിപ്പറ്റി- ആലീന ഓർത്തു. നിറയെ ആഭരണങ്ങളിട്ട്, അണിഞ്ഞൊരുങ്ങി, തല നിറയെ മുല്ലപ്പൂചൂടി, കളിയാക്കുന്ന കൂട്ടുകാർക്കിടയിലൂടെ, നമ്രശിരസ്കയായി. കൊട്ടും കുരവയും ഉയരുന്ന മണ്ഡപത്തിലേക്ക്....

'പെണ്ണ് എന്തോന്ന്, സ്വപ്നം കാണുന്നു. അവരിപ്പോ ഇങ്ങ് എത്തും' നാത്തൂന്റെ അലർച്ച അവളെ ചിന്തയിൽ നിന്നുണർത്തി. കയ്യിലൊരു പഴയ പട്ടുസാരിയുമായി നാത്തൂൻ ഈറ്റപ്പുലിയെപ്പോലെ ഉറഞ്ഞു തുള്ളുകയാണ്. 'ഇതും ചുറ്റി വേഗമിറങ്ങാൻ നോക്ക് പെണ്ണേ' തുള്ളിച്ചാടി നാത്തൂൻ അകത്തേക്ക് പോയി. മെയ്യാകെ നിറഞ്ഞ സ്വർണ്ണാഭരണങ്ങളുടെ കിലുക്കവും പുതുവസ്ത്രത്തിന്റെ കരകര ശബ്ദവും മുല്ലപ്പൂവിന്റെ മദിപ്പിക്കുന്ന ഗന്ധവും അവർക്കൊപ്പം അകലേക്ക് പോയി. അലീന തന്റെ ശൂന്യമായ കൈത്തണ്ടകളിലേക്ക് നോക്കി നിസംഗയായി നിന്നു.

ചെറുപ്പം മുതൽ താനെന്നും പോയിരുന്ന അമ്പലനടയിൽ അലീന വധുവായി നിന്നു. അധികം ആളൊന്നുമില്ല. അടുത്ത ചില ബന്ധുക്കളും അയൽക്കാരും മാത്രം. ഒറ്റയക്കുംപെട്ടയ്ക്കുമായി നിന്ന് അടക്കം പറയുകയാണ് പലരും. ഒരിടത്തും കല്യാണ ചടങ്ങിന്റെ പ്രസരിപ്പോ പ്രസന്നതയോ ഇല്ല. മരണ വീടിന്റെ വിഷാദച്ഛായയയാണെങ്ങും. ആശ്വാസത്തിന്റെ തെളിച്ചം ആകെ കണ്ടത് ആങ്ങളയുടേയും നാത്തൂന്റേയും മുഖത്ത് മാത്രം. അലീന സഹോദരിമാരുടെ വിവാഹദിനത്തെക്കുറിച്ചോർത്തു പോയി.

അതുവരെ ആ നാട്ടുകാർ കണ്ടിട്ടില്ലാത്ത തരം കല്യാണമായിരുന്നു രണ്ടും. മുന്തിയ ഭക്ഷണ പാനീയങ്ങളും ആട്ടവും പാട്ടും ഒക്കെ ആയിട്ട് വലിയ ആർഭാടത്തിൽ ആയിരുന്നു ആ കല്യാണങ്ങൾ. ഉയർന്ന ജോലിയുള്ളവരുടെ കൂടെ പ്രതാപമുള്ള വീടുകളിലേക്കാണ് ഒത്തിരി സ്വർണവും പണവുമായി മൂത്ത രണ്ട് ചേച്ചിമാരും പോയത്. താൻ ചെല്ലുന്ന വീട് എങ്ങനെയുള്ളതായിരിക്കും. അവൾ വെറുതെ ആ വീടൊന്നു സങ്കൽപ്പിച്ചു നോക്കി.

*(തുടരും)*





സുരേഷ് പരമേശ്വരൻ

# മകനോട്

കനൽവെട്ടമെരിയുന്ന പഴമക്കാട്ടിൽ
ജരിതപ്പാട്ടുണരുന്ന തറയൊന്നുണ്ട്...
തറയിലെ ചിതൽപാടിന്നരികിൽചെന്നാൽ
അകം ലോകം തപിപ്പിക്കും തപച്ചൂടുണ്ട്

നിറമുണ്ട് നിനവുണ്ട് മണവുമുണ്ട്
അത് നിന്റെയകക്കാമ്പിന്നറിവാകാവൂ
അറിഞ്ഞാലേ തികവിന്റെ കുറവറിയൂ..
നീയറിയാത്ത കഥയുടെ നിറമറിയൂ..

എനിക്കെൻറെ വയൽപാട്ടും പുഴയുമെല്ലാം..
നറുംതേനായ് കിനിയുന്ന വെളിച്ചമെല്ലാം..
തനിക്കണ്ണ് തുറപ്പിച്ചോരറിവുമെല്ലാം..
നിനക്കായിപ്പകർന്നാലേ ഊണമൊഴിയൂ

തളർന്നാലൊന്നിരിക്കാൻ നീയിടം തേടുമ്പോൾ
കബന്ധങ്ങൾക്കിടയിലായ് ജലം തേടുമ്പോൾ
ഇതിലേ പോയതാണച്ഛനൊരിക്കലെന്ന്..
ഒന്ന് സ്മരിച്ചാലേ ജയിക്കും നീ.....
ജയിക്കും ഞാനും..

# കയർപിരി തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കണം: കയർ വർക്കേഴ്സ് സെന്റർ

**ക**യർപിരി തൊഴിലാളികളുടെ കൂലി വർദ്ധനവ് ഉൾപ്പടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു) വ്യവസായ - നിയമ - കയർ മന്ത്രി പി. രാജീവിന് നിവേദനം നൽകി.

## കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു) സംസ്ഥാന കമ്മറ്റി, തിരുവനന്തപുരം

**Dated 06.08.2022.**

**ശ്രീ. പി. രാജീവ്,**
**ബഹു.വ്യവസായ-നിയമ-കയർ മന്ത്രി,**
**ഗവൺമെന്റ് സെക്രട്ടറിയേറ്റ്,**
**തിരുവനന്തപുരം.**

സർ,

വിഷയം : **കയർ തൊഴിലാളികളുടെ വിവിധ ആവശ്യം സംബന്ധിച്ച്.**

കേരളത്തിലെ 40,000-ത്തോളം വരുന്ന കയർപിരി തൊഴിലാളികളുടെ താഴെപ്പറയുന്ന അടിയന്തിര ആവശ്യങ്ങൾ അങ്ങയുടെ പരിഗണനയ്ക്കും തുടർ നടപടികൾക്കുമായി ചുവടെ വിവരിക്കുന്നു.

**1) കയർപിരി തൊഴിലാളികളുടെ കൂലി വർദ്ധനവ്**

2019-ലാണ് കയർ തൊഴിലാളികളുടെ കൂലി 350 രൂപയായി വർദ്ധിപ്പിച്ചത്. 5% ത്രിഫ്റ്റ് കഴിച്ച് 332 രൂപ മുതൽ 337 രൂപ വരെ മാത്രമാണ് ഐ.എസ്.എസ്. വിഹിതം ഉൾപ്പെടെ തൊഴിലാളികൾക്ക് ലഭിക്കുന്നത്. കയർ ഫാക്ടറി തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ച സാഹചര്യത്തിൽ കയർപിരി തൊഴിലാളികളുടെ കൂലിയിലും വർദ്ധനവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**2) വരുമാന ഉറപ്പ് പദ്ധതി (ഐ.എസ്.എസ്.) പ്രകാരം വിഹിതം ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

2022 മാർച്ച് 31 വരെയുള്ള ഐ.എസ്.എസ്. വിഹിതം മാത്രമാണ് തൊഴിലാളി കൾക്ക് ലഭ്യമായിട്ടുള്ളത്. ആയത് ഇപ്പോൾ 4 മാസം കുടിശിക വന്നിട്ടുണ്ട്. ഓണം വരെയുള്ള കുടിശ്ശിക തീർത്തുതരുന്നതിനുള്ള തുക അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3) കയർ സംഘങ്ങൾക്ക് പി.എം.വൈ. തുക അനുവദിക്കുന്നത് സംബന്ധിച്ച്.**

ഭൂരിപക്ഷം കയർ സംഘങ്ങൾക്കും പി.എം.വൈ. ഇനത്തിൽ ഉള്ള തുക ഇനിയും ലഭ്യമായിട്ടില്ല. ഓണക്കാലത്ത് ബോണസ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിലേയ്ക്ക് പി.എം.വൈ. ഇനത്തിൽ കുടിശിക മുഴുവൻ അനുവദിച്ചു നൽകുന്നതിന് നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**4) മാനേജീരിയൽ സബ്സിഡി കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച്.**

കയർ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി കഴിഞ്ഞ 2 വർഷമായി നൽകിയിട്ടില്ല. ഇക്കൊല്ലത്തെ തുകയെങ്കിലും ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടു സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**5) കയർ വില നൽകുന്നതിന് കയർഫെഡിന് ധനസഹായം അനുവദിക്കുക**

കയർഫെഡിൽ സംഘങ്ങളിൽ നിന്നും കയർ സംഭരിക്കുന്നതായി സ്വന്തമായുള്ള 10 ഗോഡൗണുകൾക്കു പുറമേ 20 ഗോഡൗണുകൾ കൂടി വാടകയ്ക്കെടുത്താണ് കയർ സംഭരിച്ചു വരുന്നത്. എഴുപതിനായിരത്തിലധികം ക്വിന്റൽ കയർ കയർഫെഡിൽ സ്റ്റോക്ക് ഇരിക്കുന്നു. തമിഴ്നാട് കയറിന്റെ വരവോടുകൂടി കയർഫെഡിന്റെ കയർ വിൽപന ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കയർ സംഭരിച്ച വകയിൽ മെയ് മുതലുള്ള കയർ വില സംഘങ്ങൾക്ക് കുടിശികയാണ്. കയർ വില നൽകുന്നതിനായി കയർഫെഡിന് ധന സഹായം അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓണക്കാലത്ത് കയർ ഉത്പന്നങ്ങൾ സംഭരിക്കുന്നതിലേയ്ക്കു കയർ കോർപ്പറേഷന് ധന സഹായം അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുകളിൽ പറഞ്ഞ ആവശ്യങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ആനത്തലവട്ടം ആനന്ദൻ**
പ്രസിഡന്റ്

**കെ.കെ. ഗണേശൻ**
ജനറൽ സെക്രട്ടറി

# അനുശോചനം, ആദരാഞ്ജലികൾ

### പ്രതാപവർമ്മ തമ്പാൻ



**ചാ**ത്തന്നൂർ മുൻ എം.എൽ.എ.യും കെ.പി.സി.സി. ജനറൽ സെക്രട്ടറിയുമായ പ്രതാപവർമ തമ്പാൻ അന്തരിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

### ബെർലിൻ കുഞ്ഞനന്തൻ നായർ




**സാ**ർവ്വദേശീയതലത്തിൽ പ്രവർത്തിച്ച മുതിർന്ന പത്രപ്രവർത്തകനും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല പ്രവർത്തകനുമായ ബെർലിൻ കുഞ്ഞനന്തൻ നായർ അന്തരിച്ചു.

കിഴക്കൻ ജർമ്മനിയുടെയും സോഷ്യലിസ്റ്റ് ബ്ലോക്കിന്റെയും വിശേഷങ്ങൾ ലോകത്തെ അറിയിക്കാൻ പതിറ്റാണ്ടുകൾ ചെലവഴിച്ച വ്യക്തിയായിരുന്നു അദ്ദേഹമെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ബർലിൻ കുഞ്ഞനന്തൻ നായരുടെ നിര്യാണത്തിൽ മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ അനുശോചനം രേഖപ്പെടുത്തി. വ്യക്തിപരമായി അദ്ദേഹവുമായി അടുത്ത ബന്ധം കാത്തുസൂക്ഷിച്ചിരുന്നു. ഈ അടുത്ത ദിവസവും അദ്ദേഹവുമായി ദീർഘനേരം നേരിൽ സംസാരിച്ചിരുന്നു. അവസാനകാലം വരെയും രാഷ്ട്രീയകാര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തുകയും നിരീക്ഷിക്കുകയും ചെയ്തിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റെതെന്നും മന്ത്രി പറഞ്ഞു.

### നാരായൻ



**എ**ഴുത്തുകാരൻ നാരായന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ആദിവാസി ജീവിതാവസ്ഥകളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ രചനകൾ അവരുടെ ജീവിതാനുഭവത്തെ വരച്ചുകാട്ടുന്നതായിരുന്നുവെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

കൊച്ചുരാമനിലൂടെയും കുഞ്ഞിപ്പെണ്ണിലൂടെയും നാരായൻ വരച്ചിട്ട ജീവിതങ്ങൾ. അദ്ദേഹത്തിന്റെ രചനകൾ ആദിവാസി ജീവിതം പ്രമേയമാക്കിയുള്ള കേവലമെഴുത്തുകളായിരുന്നില്ല, പച്ചയായ ജീവിതം മേമ്പൊടികളില്ലാതെ പകർത്തുകയായിരുന്നു. തീർത്തും വേദനാജനകമാണ് നാരായന്റെ വിയോഗം. കോവിഡ് കൊണ്ടുപോയ നഷ്ടങ്ങളിൽ മറ്റൊരു പേര് കൂടി. ആളേറെയില്ലാത്ത വഴിയിലൂടെ സഞ്ചരിച്ച എഴുത്തുകാരന്റെ വിടവ് നികത്താനാവില്ല. ആ മരണത്തിൽ വേദനിക്കുന്ന മുഴുവനാളുകളുടെയും ദുഃഖത്തിൽ പങ്കുചേരുന്നു. ആദരാഞ്ജലി അർപ്പിക്കുന്നു.

### എസ്.വി. വേണുഗോപൻ നായർ



**ചെ**റുകഥാകൃത്തും എഴുത്തുകാരനുമായ ഡോ. എസ്.വി. വേണുഗോപൻ നായരുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. മലയാള കഥാസാഹിത്യരംഗത്ത് നാട്ടുഭാഷയുടെ സാരള്യവും കലാത്മകമായ ഭാവലാവണ്യവും പടർത്തിയ സാഹിത്യകൃതികൾ കൊണ്ട് ശ്രദ്ധേയനാണ് അദ്ദേഹം. പ്രഗത്ഭനായ അധ്യാപകൻ, പ്രഭാഷകൻ തുടങ്ങിയ നിലകളിലും ശ്രദ്ധേയനായിരുന്നു. ആദിശേഷൻ, ഗർഭശ്രീമാൻ, മൃതിതാളം, രേഖയില്ലാത്ത ഒരാൾ, ഭൂമിപുത്രന്റെ വഴി തുടങ്ങിയ നിരവധി കഥാ സമാഹാരങ്ങളിലൂടെ മലയാളി മനസിൽ ഇടം നേടിയ എഴുത്തുകാരനായിരുന്നു ഡോ. എസ്.വി. വേണുഗോപൻ നായരെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

### പ്രൊഫ. കെ.കെ. ജോർജ്ജ്



കൊച്ചി സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് മുൻ ഡയറക്ടറുമായ പ്രൊഫ. കെ. കെ. ജോർജിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

പബ്ലിക്ക് ഫിനാൻസിലും കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിലും രാജ്യത്തെ വിദഗ്ധരിൽ ഒരാളായിരുന്ന അദ്ദേഹത്തിന്റെ കേരള വികസന മാതൃകയെപ്പറ്റിയുള്ള പഠനങ്ങൾ ശ്രദ്ധേയമാണ്. കേരളത്തിന്റെ വൈജ്ഞാനിക മേഖലക്ക് വലിയ നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ഡോ. കെ.കെ. ജോർജ്ജിന്റെ വിയോഗം വൈജ്ഞാനിക ലോകത്തിനും കേരളത്തിനും അപരിഹാര്യമായ നഷ്ടം പി. രാജീവ് പറഞ്ഞു.

സാമ്പത്തിക ശാസ്ത്രത്തിൽ തലയെടുപ്പോടെ ഉയർന്നുനിന്ന ഒരു ധൈഷണികാനുഭവം എന്നെന്നേക്കുമായി നഷ്ടമായിരിക്കുന്നു. കൊച്ചി സർവ്വകലാശാല, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഗവേഷണം നടത്തുകയും അവയെ നയിക്കുകയും ചെയ്തതിലൂടെ അദ്ദേഹം വരച്ചിട്ട മാതൃക അന്യാദൃശമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങൾ, സംസ്ഥാന ധനകാര്യത്തിലെ പ്രവണതകൾ, വികസനത്തിലെ കേരള മാതൃക, വിദ്യാഭ്യാസ മേഖല എന്നിങ്ങനെ ഡോ. ജോർജ്ജിന്റെ കരസ്പർശമേറ്റ ഗവേഷണ മേഖലക

ഉത്രയും നവംനവങ്ങളായ ആശയങ്ങളാൽ സമ്പന്നമാക്കപ്പെട്ടു. അമേരിക്കയിലെ മെരിലാൻഡ് യൂണിവേഴ്സിറ്റിയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിലും സെന്റർ ഫോർ ഫെഡറലിസത്തിലും സീനിയർ ഫുൾബ്രൈറ്റ് ഫെല്ലോ എന്നതു മുതൽ സംസ്ഥാന എക്സ്പെൻഡിച്ചർ കമ്മീഷൻ അംഗം എന്നതുവരെ അക്കാദമിക്/ഗവേഷണ/ ഭരണ മേഖലകളിൽ അദ്ദേഹം വഹിച്ച പദവികൾ വിസ്താര ഭയത്താൽ സൂചിപ്പിക്കുന്നില്ല. ഡോ. ജോർജ്ജിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

### അഭിജിത് സെൻ



പ്രശസ്ത സാമ്പത്തിക വിദഗ്ധനും മുൻ ആസൂത്രണകമീഷൻ അംഗവുമായ അഭിജിത് സെൻ അന്തരിച്ചു. 2004 –2014 കാലയളവിൽ ആസൂത്രണ കമ്മീഷൻ അംഗമായിരുന്നു. ജവഹർ ലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ സാമ്പത്തിക ശാസ്ത്ര അധ്യാപകനായിരുന്നു. ആദരാഞ്ജലികൾ.

### ക്യാപ്റ്റൻ നിർമ്മൽ ശിവരാജൻ



മധ്യപ്രദേശിലെ മിന്നൽ പ്രളയത്തിൽ മരിച്ച ക്യാപ്റ്റൻ നിർമ്മൽ ശിവരാജന് നാട് വിട നൽകി. എറണാകുളം മാമംഗലത്തെ വീട്ടിൽ പൊതുദർശനത്തിനുശേഷം പച്ചാളം പൊതുശ്മാശനത്തിലാണ് സൈനീക ബഹുമതികളോടെ മൃതദേഹം സംസ്കരിച്ചത്. മുഖ്യമന്ത്രിക്കുവേണ്ടി കളക്ടർ രേണു രാജ് അന്തിമോപചാരം അർപ്പിച്ചു. കേന്ദ്രമന്ത്രി ഭഗവന്ത് ഖൂബേ, സംസ്ഥാന വ്യവസായ-നിയമ-കയർ മന്ത്രി പി. രാജീവ് അടക്കമുള്ളവർ അന്ത്യാഞ്ജലി അർപ്പിച്ചു.

### ജയധരൻ



ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ (CITU) മാനേജിംഗ് കമ്മിറ്റി അംഗം, സംസ്ഥാന കയർ വർക്കേഴ്സ് സെന്റർ അംഗം ജയധരൻ വിടവാങ്ങി. അനുശോചനം രേഖപ്പെടുത്തുന്നു.

### ജി. പുരുഷോത്തമൻ



തിരുവനന്തപുരം തിരുവല്ലം പ്രദേശത്തെ കയർത്തൊഴിലാളികളെ സംഘടിപ്പിച്ചും സി.പി. എമ്മിന്റെ തിരുവല്ലം ലോക്കൽ കമ്മറ്റി അംഗമായും ട്രാവൻകൂർ കയർതൊഴിലാളി യൂണിയൻ ജില്ലാ വൈസ് പ്രസിഡന്റായും കേരള കയർ വർക്കേഴ്സ് സെന്റർ അംഗമായും പ്രവർത്തിച്ചു വന്ന വാഴമുട്ടം ജി. പുരുഷോത്തമന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

## പതിനാലാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്ര മേള

# ലിറ്റിൽ വിംഗ്സ് മികച്ച കഥാചിത്രം;

## ലോംഗ് ഡോക്യുമെന്ററി പുരസ്കാരം എ.കെ.എയ്ക്ക്

പതിനാലാമത് രാജ്യാന്തര ഹ്രസ്വചലച്ചിത്ര മേളയിൽ മികച്ച ലോംഗ് ഡോക്യുമെന്ററിക്കുള്ള പുരസ്കാരം ഗീതിക നാരംഗ് അബ്ബാസി സംവിധാനം ചെയ്ത എ.കെ.എ (ഉർഫ്) നേടി. ബോളിവുഡിലെ അപരന്മാരുടെ ജീവിതമാണ് ചിത്രം പ്രമേയമാക്കിയത്. ലിറ്റിൽ വിംഗ്സ് ആണ് മേളയിലെ മികച്ച കഥാചിത്രം. തമിഴ് സംവിധായകനായ നവീൻ എം.യു. ആണ് ചിത്രം സംവിധാനം ചെയ്തത്.

മേളയിലെ മികച്ച ഷോർട്ട് ഡോക്യുമെന്ററിക്കുള്ള പുരസ്കാരം മൈ സൺ ആൻഡ് ഹിസ് ഗ്രാൻഡ് ഫാദർ, ന്യൂ ക്ലാസ് റൂം എന്നീ ചിത്രങ്ങൾ പങ്കിട്ടു. ബംഗാളി സംവിധായകരായ ദെബാങ്കൻ സിംഗ് സൊളാങ്കി, ബിജോയ് ചൗധരി, എന്നിവരാണ് ചിത്രങ്ങൾ സംവിധാനം ചെയ്തത്. റെബാക്ക ലിസ് ജോൺ സംവിധാനം ചെയ്ത ലേഡീസ് ഓൺലിക്കാണ് ലോംഗ് ഡോക്യുമെന്ററി വിഭാഗത്തിൽ രണ്ടാം സ്ഥാനം. രണ്ടാമത്തെ മികച്ച ഷോർട്ട് ഡോക്യുമെന്ററിക്കുള്ള പുരസ്ക്കാരം ഹിന്ദി ചിത്രമായ പാർട്ടി പോസ്റ്ററിന് ലഭിച്ചു (സംവിധാനം: ഋഷി ചന്ദന). ദി ലെപ്പേർഡ്സ് ട്രൈബ് എന്ന ചിത്രം ഈ വിഭാഗത്തിൽ ജൂറിയുടെ പ്രത്യേക പരാമർശം നേടി. കൊറോണ വൈറസിനെ നേരിടാൻ രാജ്യം നടത്തിയ പോരാട്ടം പ്രമേയമാക്കിയ പാത്ത് ആണ് ഷോർട്ട് ഫിക്ഷൻ വിഭാഗത്തിൽ മികച്ച രണ്ടാമത്തെ



ചിത്രം. പ്രദീപ് കുർബയാണ് സംവിധായകൻ. മലയാള ചിത്രമായ ടോമിയുടെ ഉപമ (സംവിധാനം: വിമൽ ജോസ് തച്ചിൽ) ഈ വിഭാഗത്തിൽ ജൂറിയുടെ പ്രത്യേക പരാമർശം നേടി.

അരുൺ എ.ആർ, അഭിലാഷ് കെ, അനന്തു കൃഷ്ണ എന്നിവർ സംവിധാനം ചെയ്ത ദി ബോയന്റ് ആണ് മികച്ച ക്യാമ്പസ് ചിത്രം. മിലിന്ദ് ഛബ്ര, ജ്യോതി ഗർഹേവാൾ ലാസർ, ശോഭിത് ജയിൻ എന്നിവർക്കാണ് ചിത്ര സംയോജനത്തിനുള്ള കുമാർ ടാക്കീസ് പുരസ്കാരം. ക്യാംപസ് ചിത്രങ്ങളുടെ വിഭാഗത്തിൽ അഭിനവ് ടി., രാജീവ് കുമാർ എന്നിവർ സംവിധാനം ചെയ്ത ലാബ്രിന്ത്, ശാരികാ പി പ്രസാദിന്റെ തിരിവ് എന്നീ ചിത്രങ്ങൾ ജൂറി പരാമർശം നേടി.

# കയർ ഭൂവസ്ത്രവിതരണം: രണ്ട് ജില്ലകളുടെ ചുമതലകൂടി കയർഫെഡിന്

ഉ (സാധാ) നം.803/2022/ID

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - കയർ ഭൂവസ്ത്ര വിതരണം - മലപ്പുറം, വയനാട് ജില്ലകളിലെ വിതരണ ചുമതല കയർഫെഡിന് നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.803/2022/ID തീയതി,തിരുവനന്തപുരം, 02-08-2022

പരാമർശം:-
1. സ.ഉ.(സാധാ)നം.1019/2017/വ്യവ തീയതി 15.07.2017.
2. കയർ വികസന ഡയറക്ടറുടെ 15.07.2022-ലെ ഡി.സി.ഡി/1335/2022-സിപി1 നമ്പർ കത്ത്.

**ഉത്തരവ്**

കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്ര വിതരണം ചെയ്യുന്നതിന് ജില്ലകൾ നിശ്ചയിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകൾ കയർഫെഡിനും കോട്ടയം, മലപ്പുറം, വയനാട് ജില്ലകൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിനുമാണ്. കയർഫെഡിന് കയർ ഭൂവസ്ത്ര വിതരണ ചുമതല ഉള്ള ജില്ലകൾ വലിയ തോതിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കപ്പെടുന്ന ജില്ലകളല്ല എന്നും, കയർഫെഡ് സംഭരിക്കുന്ന കയറിന്റെ പൂർണ്ണമായ ഉപയോഗം ഉറപ്പാക്കുന്നതിന് കൂടുതൽ ജില്ലകൾ ആ സ്ഥാപനത്തിന് അനുവദിക്കുകയാണെങ്കിൽ, സംഭരിക്കുന്ന കയർ സ്റ്റോക്ക് ഭൂവസ്ത്ര പദ്ധതിക്കായി കൃത്യമായി ഉപയോഗിക്കാൻ കഴിയുമെന്നും, ഇതിലൂടെ കയർ വ്യവസായത്തിൽ കേരള കയർ യാൺ ഉപയോഗം വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്യുമെന്നും പരാമർശം രണ്ടിലെ കത്ത് പ്രകാരം കയർ വികസന ഡയറക്ടർ അറിയിക്കുകയുണ്ടായി. ആകയാൽ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് നിലവിൽ വിതരണം ചെയ്യുന്ന മൂന്നു ജില്ലകളിൽ നിന്നും മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിനുള്ള അനുവാദം കയർഫെഡിന് നൽകി ഉത്തരവുണ്ടാകണമെന്നും കയർ വികസന ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കയർ വികസന ഡയറക്ടർ പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച ശുപാർശ പരിഗണിച്ചുകൊണ്ട്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് നിലവിൽ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്ന മൂന്നു ജില്ലകളിൽ നിന്നും മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിനുള്ള അനുവാദം കയർഫെഡിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
അണ്ടർ സെക്രട്ടറി



Coirfed

# Deep Sleep

MATTRESS

Wake up to good health

Coirfed

The Kerala State Co-operative Coir Marketing Federation Ltd. No.679

PB.No.4616, Alappuzha, Kerala, India, Tel + 91 477 2243627, 2243628,2243629, Fax: +91 477 2244013

E-mail: coirfedho@gmail.com. Website: www.coirfed.com, www.coirfed.kerala.gov.in

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-08-2022, August 2022




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705